10
ഒക്ടോബർ 2017
www.jalakamnews.com
jalakamnewspaper@gmail.com

റീഡേഴ്സ് ജാലകം

Readers Book House
SCS Jn., Thiruvalla-689101
Ph: 0469-2702844

RN. KERMAL/2001/11210 Vol.16, No.1 | Published from Thiruvalla | Date of Publication: 10-10-2017 | Price: ₹ 15/- | Pages 8

# പിവൈപിഎ തെരഞ്ഞെടുപ്പ്

# പാനൽ പോര് തുടങ്ങി

■ രണ്ട് പാനലുകൾ സജീവം ■ പാസ്റ്റർ സിനോജ് ജോർജ്, ഇവാ. അജു അലക്സ്, ബ്രദർ ലൈജു ജോർജ് എന്നിവർ പ്രസിഡന്റ് സ്ഥാനത്തേക്ക് ■ പിസിഐ സംഘടനാ വോട്ടുകൾ നിർണായകമാകും ■ ദളിത് വോട്ടുകളുടെ ഏകീകരണവും ചർച്ചയിൽ

**സ്വന്തം ലേഖകൻ**

**തിരുവല്ല:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ (ഐപിസി) യുടെ യുവജന വിഭാഗമായ പെന്തക്കോസ്ത് യുവജന സംഘടനയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഒരു വർഷം കഴിഞ്ഞു വരുന്ന തെരഞ്ഞെടുപ്പിനായി പാനൽ പോരാട്ടങ്ങൾ തുടങ്ങിയെന്നാണ് റിപ്പോർട്ട്.

സംസ്ഥാന പിവൈപിഎയ്ക്ക് നിലവിൽ നേതൃത്വം നൽകുന്ന എക്സ്ക്യൂട്ടിവിന്റെ നേതൃത്വത്തിലും, എക്സിക്യൂട്ടിവിൽ ഉണ്ടെങ്കിലും ഇതര സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി പിവൈപിഎയിൽ നിന്ന് അകലം പാലിക്കുന്ന ഒരു നേതാവിന്റെ നേതൃത്വത്ത മറ്റൊരു പാനലുമാണ് രൂപം കൊണ്ടിരിക്കുന്നത്. തിരുവല്ലയിലെ രണ്ട് ബിസിനസ് സഹോദരങ്ങളാണ് ഇരു പാനലുകൾക്കും നേതൃത്വം നൽകുന്നത്.

നിലവിലെ രണ്ട് വൈസ് പ്രസിഡന്റുമാരിൽ സ്റ്റേറ്റ് കൗൺസിൽ അംഗമായ പാസ്റ്റർ സിനോജ് ജോർജ് പ്രസിഡന്റ് സ്ഥാനത്തേക്കും ട്രഷറർ ജെസ്റ്റിൻ നെടുവേലി സെക്രട്ടറിയായും ജോയിന്റ് സെക്രട്ടറിമാർ തൽസ്ഥാനത്തും തുടരുമെന്നാണ് സൂചനകൾ. കോട്ടയം മേഖലയിലെ വിമത പക്ഷത്തുനിന്നും ഈ പാനലിൽ സ്ഥാനാർഥിയുണ്ടാകും. കൂടാതെ മലബാർ, ഹൈറേഞ്ച്, കൊട്ടാരക്കര മേഖലയിൽ നിന്നും പാനലിലേക്ക് സ്ഥാനാർഥികളെ പരിഗണിക്കുന്നുണ്ട്. വരുന്ന പിവൈപിഎ സ്റ്റേറ്റ് ക്യാമ്പ്, ഐപിസി കോട്ടയം സ്റ്റേറ്റ് കൺവൻഷൻ എന്നിവിടങ്ങളിൽ പ്രചരണം വ്യാപിപ്പിക്കാനാണ് പദ്ധതി.

പിസിഐ എന്ന പുതിയ സംഘടനയുടെ യുവനേതാവായി സ്ഥാനമേറ്റെടുത്ത സുവിശേഷകൻ അജു അലക്സിന്റെ നേതൃത്വത്തിലാണ് എതിർ പാനൽ പോരാട്ടത്തിന് എത്തുന്നത്. കോട്ടയം മേഖലാ പ്രസിഡന്റും ജോയിന്റ് സെക്രട്ടറിയും പാനൽ സ്ഥാനാർഥി പട്ടികയിലുണ്ട്. തിരുവനന്തപുരം, കൊട്ടാരക്കര, ആലപ്പുഴ, ഹൈറേഞ്ച്, മലബാർ മേഖലകളിൽ നിന്ന് ഓരോ സ്ഥാനാർഥിമാരുണ്ടാകും.

പെന്തക്കോസ്ത് ഐക്യ സംഘടനയുടെ യുവനേതാവ് എന്ന നിലയിൽ അജു അലക്സിന് കേരളത്തിൽ താഴേത്തട്ടിലുള്ള സംഘടനാ പ്രവർത്തനം സാധ്യത വർധിപ്പിക്കുന്നു. ഐപിസിയിൽ അടുത്തിടെ ഉടലെടുത്ത ഭരണവിരുദ്ധ വികാരവും, സംഘടനാ പ്രവർത്തനങ്ങളിലെ പാളിച്ചകളും പോരാട്ട വേദിയിൽ ചർച്ചയാകും. കൂടാതെ പെന്തക്കോസ്ത് വേദികളിലെ ന്യൂജെൻ പരീക്ഷണങ്ങളും, പ്രസംഗകരിലും അവരുടെ പ്രസംഗങ്ങളിലും പൊതു പരിപാടികളിൽ കടന്നുകയറിയ ന്യൂജെൻ പ്രവണതകളും പ്രചാരണായുധമാക്കാൻ എതിർ പാളയത്തിൽ തയാറെടുപ്പുകളുണ്ട്.

നിലവിലെ സെക്രട്ടറി ബ്രദർ ലൈജു ജോർജിന്റെ നിലപാടുകൾ ഇരുപാനലുകളേയും കുഴയ്ക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷം കുമ്പനാടിന് പുറന്തിരിഞ്ഞു നിന്ന ഇദ്ദേഹം പ്രസിഡന്റ് സ്ഥാനത്ത് സ്വതന്ത്ര സ്ഥാനാർഥിയായി ഉണ്ടാകുമെന്ന അഭ്യൂഹങ്ങളും പരക്കുന്നുണ്ട്. അടുത്തിടെ ഇതര സംഘടനാ ഭാരവാഹികളെ പുറത്താക്കുന്നതിനായി തയാറാക്കിയ പ്രമേയത്തിലെ വരി വിട്ടുപോയെന്ന പ്രസ്താവനയുമായി രംഗത്തെത്തിയ ലൈജു ജോർജിന്റെ നിലപാട് ഭരണസമതിയുടെ പ്രതിഷേധങ്ങൾക്ക് വഴിയൊരുക്കിയിരുന്നു.


കഴിഞ്ഞ കുറെ നാളുകളായി പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നെന്നും വീണ്ടും സജീവമാകാൻ എത്തിയപ്പോഴാണ് ഇതര സംഘടനാ ഭാരവാഹികളെ പുറത്താക്കുന്നത് സംബന്ധിച്ച് ചിലത് എഴുതി വായിക്കാൻ പ്രസിഡന്റ് ആവശ്യപ്പെട്ടത്. ചില വരികൾ കുറിച്ച് പ്രമേയമെന്ന് താൻ തന്നെ പേരിട്ട് വായിക്കുകയായിരുന്നു. എന്നാൽ അതിൽ ചില വരികൾ വിട്ടുപോയതിൽ ഖേദിക്കുന്നുണ്ടെന്നും ലൈജു ജോർജ് മാധ്യമങ്ങളോടു പറഞ്ഞു. ഇക്കാര്യങ്ങൾ ഭരണസമതിയിൽ അദ്ദേഹത്തിന്റെ നില കൂടുതൽ പ്രതിസന്ധിയിലാക്കി.

അടുത്തിലെ മേഖലകൾ കേന്ദ്രീകരിച്ച് ഇരു പാനലുകളും പ്രചരണം ശക്തമാക്കി. സെന്റർ ഭാരവാഹികളെ നേരിൽ കണ്ട് വോട്ട് അഭ്യർഥിച്ച് തുടങ്ങിയെന്നുമാണ് അറിവ്. പിവൈപിഎയിൽ അംഗത്വം പുതുക്കുന്ന നടപടികൾ പുരോഗമിക്കുന്നതിൽനിന്നും തലയെണ്ണിയുള്ള വോട്ടുപിടുത്തം ഉടൻ ആരംഭിക്കുമെന്ന് കരുതാം. പിവൈപിഎ സ്റ്റേറ്റ് ക്യാമ്പ്, താലന്ത് പരിശോധന, കായികദിനം, ഐപിസി സംസ്ഥാന കൺവെൻഷൻ, ജനുവരിയിലെ ജനറൽ കൺവെൻഷൻ എന്നിവിടങ്ങൾ പ്രചാരണ വേദികളാകാനുള്ള സാധ്യതയും തള്ളിക്കളയുന്നില്ല.

## എസ്.ഐ.എ.ജി. ഭാരവാഹികൾ

## വി.ടി. എബ്രഹാം ജന. സൂപ്രണ്ട് കെ.ജെ. മാത്യു ജന. സെക്രട്ടറി


പാസ്റ്റർ വി.ടി. എബ്രഹാം


പാസ്റ്റർ കെ.ജെ. മാത്യു

**തിരുവനന്തപുരം:** സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടായി പാസ്റ്റർ വി.ടി. എബ്രഹാമിനെ വീണ്ടും തെരെഞ്ഞെടുത്തു. സെപ്റ്റംബർ 19-21 വരെ തിരുവനന്തപുരം ഗിരിദീപം കൺവൻഷൻ സെന്ററിൽ നടന്ന 36-ാമത് എസ്.ഐ.എ.ജി. ജനറൽ ദ്വിവത്സര കോൺഫറൻസിലാണ് അദ്ദേഹം തെരെഞ്ഞെടുക്കപ്പെട്ടത്. തുടർച്ചയായി 4-ാം തവണയാണ് ഡോ. വി.ടി. ഏബ്രഹാം എസ്.ഐ.എ.ജി. ജനറൽ സൂപ്രണ്ടാകുന്നത്. ജനറൽ അസിസ്റ്റന്റ് സൂപ്രണ്ടായി പാസ്റ്റർ പോൾ തങ്കയ്യയും ജനറൽ സെക്രട്ടറിയായി പാസ്റ്റർ കെ.ജെ. മാത്യുവും ജനറൽ ട്രഷറായി ടി.എസ്സ്. രാജശേഖറും ജനറൽ കമ്മറ്റി മെമ്പറായി പാസ്റ്റർ തിമൊഥി റാവുവും തെരെഞ്ഞെടുക്കപ്പെട്ടു. ജനറൽസെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ.ജെ. മാത്യു ബഥേൽ ബൈബിൾ കോളേജ് പ്രി

(ശേഷം പേജ് 8-ൽ)

## ക്രിസ്തീയ സാഹിത്യ പത്രപ്രവർത്തക കൂട്ടായ്മ

## അസ്സോസിയേഷൻ ഓഫ് ക്രിസ്റ്റ്യൻ തിങ്കേഴ്സിനു തുടക്കമായി


തോമസ് വടക്കേക്കൂറ്റ്


കെ.എൻ. റസ്സൽ


ജെ. ജോസഫ്


വർഗീസ് മാത്യു


രാജു ആനിക്കാട്


ഷിബു കെ. മാത്യു


സാംകുട്ടി മാത്യു

കടുത്തുരുത്തി: ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിനു (അഇഠ) തുടക്കമായി. സെപ്റ്റംബർ 25 ന് കടുത്തുരുത്തിയിലുള്ള ഐപിസി വൈക്കം സെന്ററിന്റെ ഓഫീസിൽ നടന്ന പ്രഥമ യോഗത്തിൽ വിവിധ ക്രൈസ്തവ പത്രങ്ങളുടെ ഭാരവാഹികളും എഴുത്തുകാരും സംബന്ധിച്ചു.

കെ. എൻ. റസ്സൽ അധ്യക്ഷത വഹിച്ചു. പത്രപ്രവർത്തകരും എഴുത്തുകാരും നേരിടുന്ന വെല്ലുവിളികളെ ഒരുമിച്ചു നിന്ന് നേരിടുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു കൂട്ടായ്മ എന്ന നിലയിലാണ് ഇതാരംഭിക്കുന്നത് എന്നും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുകയും വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ലക്ഷ്യമെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. രാജു ആനിക്കാട് ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. അനിൽ കൊടിത്തോട്ടം ചർച്ചകൾക്കു നേതൃത്വം നൽകി.

രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളായി തോമസ് വടക്കേക്കൂറ്റ് (രക്ഷാധികാരി), കെ.എൻ. റസ്സൽ (പ്രസിഡന്റ്), ജെ. ജോസഫ്, വർഗീസ് മാത്യു (വൈസ് പ്രസിഡന്റുമാർ), രാജു ആനിക്കാട് (ജനറൽ സെക്രട്ടറി), ഷിബു കെ. മാത്യു (ട്രഷറാർ), സജി ഫിലിപ്പ് തിരുവഞ്ചൂർ (സെക്രട്ടറി), സാംകുട്ടി മാത്യു (പ്രസ് സെക്രട്ടറി), മാത്യു പാലത്തുങ്കൽ (മീഡിയാ കൺവീനർ), സന്തോഷ് ജോസഫ്, പീറ്റർ ജെയിം

(ശേഷം പേജ് 7-ൽ)

## ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻഡ്യ കേരള സ്റ്റേറ്റ് 95ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള പ്രഥമ ആലോചനാ യോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്റ്റുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു.

(ശേഷം പേജ് 8-ൽ)

# മാറ്റം കൊതിക്കുന്ന മരണവേദികൾ

ഇനിയെങ്കിലും പതിവ് ശൈലിയിൽ നിന്നും ഒന്നുമാറി ചിന്തിക്കാം. ഏത് വേദനകളെയും അതിജീവിക്കുവാൻ കഴിയുന്ന ഭക്തന്മാരുടെ ജീവിതാനുഭവങ്ങളുടെ തികവുള്ള ആശ്വാസ ഗാനങ്ങൾ പാടിയും സമാശ്വാസത്തിന്റെ സത്താവിശേഷതകൊണ്ട് സമൃദ്ധമായ വേദഭാഗങ്ങൾ വായിച്ചും ആ കുടുംബത്തിന്റെ വേദനയിൽ പങ്കാളികളും ആശ്വാസകരുമായി നമുക്ക് തീരാം.



സി.സി. ജോണി കട്ടപ്പന
9446474687

മത ജാതിവർഗ്ഗ വ്യത്യാസമില്ലാതെ ജനപങ്കാളിത്തം ഉണ്ടാവുന്ന ഇടമാണ് മരണവേദികൾ. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ സാന്നിധ്യംകൊണ്ട് ആശ്വസിപ്പിക്കുവാൻ ബന്ധങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നും പരേതന്റെ സാമൂഹിക ഇടപെടലുകളുടെ നിലപാടുകൾക്കനുസരിച്ചാണ് സന്ദർശകരുടെ ഏറ്റക്കുറച്ചിലുകൾ. ചടങ്ങുകൾക്കെല്ലാം പലവിധത്തിലുള്ള അതിരും വരമ്പും മനുഷ്യൻ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഈ അതിരുകൾ ഭേദിക്കപ്പെടുന്നതും മരണത്തിന്റെ മുൻപിൽ മാത്രമാണെന്നത് ശ്രദ്ധേയമാണ്. വേർപാടിന്റെ വേദനകൾ അടിച്ചേൽപ്പിക്കുന്ന ദുരന്തമുഖങ്ങളിൽ ചിലരുടെയൊക്കെ സാന്നിധ്യം വേദനിക്കുന്നവരിൽ ആർക്കൊക്കെയോ ആശ്വാസത്തിന് കാരണമാവുന്നുണ്ട്. പകയുടെ കനലുകൾ ക്ഷമയുടെ ചാരമായി മാറുന്നത് മരണത്തിന് മുൻപിലെ സമത്വം മനുഷ്യന് തട്ടിത്തെറിപ്പിക്കുവാൻ കഴിയാത്തതിനാലാണ്.

പരേതാത്മാവിന്റെ ശാന്തിതേടിയുള്ള മതകർമ്മങ്ങളാണ് സംസ്കാര ശുശ്രൂഷകളുടെ അന്തഃസത്ത. ഏറ്റവും ഭക്തിസാന്ദ്രമായ സാഹചര്യങ്ങൾ പ്രിയപ്പെട്ടവരുടെ അന്ത്യകർമ്മങ്ങളിൽ സൃഷ്ടിക്കപ്പെടണം എന്ന് ചിന്തിക്കുന്നവരാണ് സമൂഹത്തിൽ എല്ലാവരും തന്നേ. അതുകൊണ്ട് ഈ നേരങ്ങളിൽ പണത്തിന്റെ പരിമിതികളൊന്നും പലരും പരിഗണിക്കാറില്ല. മരണവേദികളെ ആർഭാടങ്ങൾകൊണ്ട് അലങ്കരിക്കുന്ന അഹന്തയും ചിലയിടങ്ങളിൽ കാണാം. ജീവനുള്ള കാലത്ത് ഒരു നാണയത്തുട്ടിന്റെപോലും നന്മ ചെയ്യാത്തവർ ആ പാപഭാരത്തിന്റെ പ്രായശ്ചിത്തം പോലെ പരേതനുവേണ്ടി പണക്കിഴികൾ വലിച്ചെറിയുന്ന വൈരുദ്ധ്യം പലയിടങ്ങളിലേയും പതിവു കാഴ്ചകളാണ്. ബന്ധങ്ങളുടെയും ആചാരങ്ങളുടെയും ഒക്കെ പേര് പറഞ്ഞ് പട്ട് പുതപ്പിക്കുന്ന പതിവ് ക്യാമറക്കണ്ണുകളിൽ പതിയണം എന്ന കുടിലചിന്ത പലരിലും ഉണ്ട്.

ഏത് വേദികളും കൈകാര്യം ചെയ്യാൻ മെയ്‌വഴക്കം സിദ്ധിച്ചവരാണ് പെന്തക്കൊസ്തർ. സുവിശേഷ സത്യങ്ങളുടെ പ്രഘോഷണങ്ങൾക്കുവേണ്ടി ഏത് സാഹചര്യങ്ങളെയും ഉപയോഗിച്ചുപോന്ന പിതാക്കന്മാരിൽ നിന്നും പകർന്നു പഠിച്ച ശീലം. അവസരങ്ങൾ അനന്യമായിരുന്ന ഒരു കാലത്ത് അല്ലെങ്കിൽ അത് നിഷേധിക്കപ്പെട്ട ചുറ്റുപാടുകളിൽ അറിഞ്ഞ വിശ്വാസത്തിന്റെ വ്യാപ്തിക്കുവേണ്ടി സ്വന്തം സാഹചര്യങ്ങളെ വിട്ടുനൽകുവാനുള്ള ചിലരുടെയെങ്കിലും ആർജ്ജവം പെന്തക്കൊസ്തിന്റെ വളർച്ചകളിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ടെന്നത് സത്യമാണ്. വിരുന്നു വീടുകളും, വിലാപഭവനങ്ങളും ഒക്കെ ഉപദേശ വിളംബരത്തിന്റെ വേദികളായി നാം ഉപയോഗിച്ചുപോന്നു. മറ്റ് പ്രത്യാഘാതങ്ങൾക്കപ്പുറം അത് പ്രയോജനകരമായി തീർന്ന അനുഭവമാണ് നമുക്കുള്ളത്. കാലം മാറി, സാമൂഹിക സാഹചര്യങ്ങൾക്ക് മറ്റൊരു സാംസ്കാരിക മുഖം കൈവന്നു. ഒരു മാറ്റത്തിന്റെ അനിവാര്യതയിലേക്ക് പെന്തക്കൊസ്ത് സമൂഹം ചുവടുവെയ്ക്കേണ്ടിയിരിക്കുന്നു. നമ്മുടെ മരണവേദികൾ അരോചകത്വം സൃഷ്ടിക്കുന്ന അനുശോചനങ്ങൾക്കൊണ്ട് അസ്വസ്ഥമാവുകയാണ്. ഒരേ ആശയത്തിന്റെ തനിയാവർത്തനം സൃഷ്ടിക്കുന്ന അലോസരം മൂലം നമ്മൾ വെറും പ്രസംഗകൊതിയന്മാരും അവസരമോഹികളും ആണെന്നുള്ള പതിവ് വിമർശനത്തിന് ആക്കം കൂട്ടിയിരിക്കുന്നു. അനുശോചകരെ തെരഞ്ഞെടുക്കുന്നതിലെ അപാകത വളരെ വലിയതാണ്. പരേതനുമായി യാതൊരു ബന്ധവുമില്ലാത്തവർപോലും ഈ പട്ടികയിൽ ഇടം പിടിക്കുന്നു. അതുകൊണ്ട് വൈകാരികത നഷ്ടപ്പെട്ട് വെറും പാണ്ഡിത്യ അവതാരകരായി മാത്രം അവർ മാറുന്നു. ഒരു വിലാപവീട്ടിൽ മൃതശരീരം എത്തുന്ന സമയം മുതൽ സംസ്കാരസമയം വരെയുള്ള ഇടവേളകളിൽ അരങ്ങേറുന്ന പ്രഭാഷണങ്ങൾ ചുറ്റുപാടുകളെ അസ്വസ്ഥമാക്കുന്നത് നാം തിരിച്ചറിയണം. അപക്വമായ രീതിയിൽ ചിലർ ഉച്ചഭാഷിണിയിലൂടെ അലറി വിളിക്കുന്നത് കേൾക്കാം.

ഇനിയെങ്കിലും പതിവ് ശൈലിയിൽ നിന്നും ഒന്നുമാറി ചിന്തിക്കാം. ഏത് വേദനകളെയും അതിജീവിക്കുവാൻ കഴിയുന്ന ഭക്തന്മാരുടെ ജീവിതാനുഭവങ്ങളുടെ തികവുള്ള ആശ്വാസ ഗാനങ്ങൾ പാടിയും സമാശ്വാസത്തിന്റെ സത്താവിശേഷതകൊണ്ട് സമൃദ്ധമായ വേദഭാഗങ്ങൾ വായിച്ചും ആ കുടുംബത്തിന്റെ വേദനയിൽ പങ്കാളികളും ആശ്വാസകരുമായി നമുക്ക് തീരാം. ഏറ്റവും ഒടുവിലെ ശുശ്രൂഷയ്ക്ക് നിജപ്പെടുത്തിയ സമയത്ത് വചനം നല്ലതുപോലെ അവതരിപ്പിക്കുവാൻ കഴിവുള്ള ഒരാൾ ചുരുങ്ങിയ നിമിഷംകൊണ്ട് ക്രിസ്തീയ പ്രത്യാശയുടെ മഹത്വം വിളംബരം ചെയ്യുന്ന ഒരു പ്രസംഗം നടത്തുക. അന്തഃസത്തകൾ ചോർന്നുപോകാതെ മുഖ്യ കാർമ്മികത്വം വഹിക്കുവാൻ കഴിയുന്നയാളെ തെരഞ്ഞെടുത്ത് ശുശ്രൂഷ ഏല്പിക്കുക. ചുറ്റുപാടുകൾ നമുക്കനുകൂലമാകും. നാം ഏത് ഉദ്ദേശ്യത്തോടെ വചനം പ്രസംഗിച്ചുവോ ആ ഉദ്ദേശ്യം ഫലകരമാകുന്നതു നമുക്കു കാണാം.

എഡിറ്റോറിയൽ

## സഭാ ഭരണവും ഭരണഘടനയും

സഭയുടെ ഭരണരംഗത്തേക്ക് എത്തുന്നവർ ഭരണഘടനാപരമായ വ്യവസ്ഥകളിലൂടെയാണ് അധികാരത്തിലെത്തുന്നത്. അവർ നീതിനിഷ്ഠമായ ഭരണം നടത്തേണ്ടതിന് ബാധ്യസ്ഥരാണ്. അതിന് ഭരണഘടനയാണ് മാനദണ്ഡമായി ഉപയോഗിക്കേണ്ടത്. ജനാതിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർ ജന നന്മക്ക് ഉതകുംവിധം കാര്യങ്ങൾ നടപ്പിലാക്കേണ്ടതിന് എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അധികാരസ്ഥാനത്തെത്തുമ്പോൾ തന്നിഷ്ടവും സ്വേച്ഛാധിപത്യവും, സ്വജന പക്ഷപാതവും ഒക്കെ വെല്ലുവിളികളായി വരും. എന്നാൽ അതിനെയെല്ലാം ചെറുത്തുതോല്പിക്കുന്നതിന് സഹായിക്കുന്നതാണ് ഭരണഘടനാ നിയമങ്ങൾ. ആ നിയമങ്ങളെ തൃണവൽഗണിച്ചുകൊണ്ട് സ്വന്തം താല്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോഴാണ് ഭരണാധികാരികൾ സ്വേച്ഛാധിപതികളാകുന്നത്.

ഐ.പി.സി. എന്ന ജനാധിപത്യ ആധ്യാത്മിക പ്രസ്ഥാനത്തിന് പ്രവർത്തിക്കുന്നതിന് ദൈവവചനവും സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സംഘടനയുടെ ഭരണഘടനയുമുണ്ട്. വിശ്വാസിയുടെ അംഗത്വം, പ്രാദേശിക സഭകളുടെ സ്ഥാപനം, അവയുടെ ദൂരപരിധി, ശുശ്രൂഷകരുടെ നിയമനം, അച്ചടക്ക നടപടി, സെന്ററുകളുടെയും, സ്റ്റേറ്റുകളുടെയും പ്രവർത്തനങ്ങൾ എല്ലാം പരിമിതമായെങ്കിലും നിർവ്വചിക്കപ്പെട്ടിട്ടുള്ള ഒരു ഭരണഘടനയുണ്ട്. അതിൽ അധിഷ്ഠിതമായി ജീവിക്കാനും പ്രവർത്തിക്കുവാനും അതിലെ എല്ലാ അംഗങ്ങളും ബാധ്യസ്ഥരാണ്. ആ ഭരണഘടന നടപ്പിലാക്കുന്ന ഉത്തരവാദിത്വമാണ് എക്സിക്യൂട്ടീവ്സിനുള്ളത്. എന്നാൽ സമീപകാലത്തായി നിരവധി ഭരണഘടനാ ലംഘനങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്ന് ചൂണ്ടിക്കാണിക്കപ്പെടുകയാണ്. അതൊന്നും ചെവിക്കൊള്ളാതെ മുമ്പോട്ടു പോകുന്നത് ഒരു ജനാധിപത്യ ആധ്യാത്മീക സമൂഹത്തിന് ഭൂഷണമല്ല.

ഒരു സെന്ററിന്റെ പ്രവർത്തനങ്ങളും അതിന്റെ അധികാരപരിധിയുമൊക്കെ നാളുകളായി നിലനിന്നുപോന്നിരുന്ന കീഴ്‌വഴക്കങ്ങളും ആവർത്തിച്ച് പറയേണ്ടതില്ല. സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെന്ററുകളുടെ ഇടയിൽ പുതിയ സെന്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ ശ്രമിക്കുന്നത് ഭിന്നതയും വെറുപ്പും വിദ്വേഷവുമൊക്കെ ഉളവാക്കുന്ന കാര്യമാണ്. അത് വിഘടനവാദമാണ്. പണമുണ്ട് എന്നതുകൊണ്ടോ, കുറേയാളുകൾ സംഘടിക്കാനുള്ളതുകൊണ്ടോ അത്തരം പ്രവണതകൾക്ക് പ്രോത്സാഹനം കൊടുക്കുന്നത് ഭരണഘടനാ വിരുദ്ധവും വചനവിരുദ്ധവുമായ നിലപാടാണ്. ഭരണഘടനയുടെ സംരക്ഷകരും സൂക്ഷിപ്പുകാരുംതന്നെ ഇത്തരം വിഘടനവാദങ്ങൾക്ക് വഴി മരുന്നിട്ടുകൊടുക്കുന്നത് ഐ.പി.സി. പോലെ ബൃഹത്തായ ഒരു പ്രസ്ഥാനത്തിന് ഒട്ടും ചേർന്നരീതിയല്ല. നിലവിലുള്ള പ്രാദേശിക സഭകളുടെയും സെന്റർ നേതൃത്വങ്ങളുടെയുമൊക്കെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സംസ്ഥാന നേതാക്കന്മാർ അത്തരം കാര്യങ്ങളിൽ നിന്ന് പിന്മാറുകയാണ് വേണ്ടത്. ഐ.പി.സിക്ക് നിരവധി സെന്ററുകളും സഭകളുമുള്ള കേന്ദ്രങ്ങളിൽ തന്നെ അവിടെ ഭിന്നിപ്പുണ്ടാക്കി പുതിയ സെന്ററുകൾ അനുവദിച്ചുകൊടുക്കാൻ നേതാക്കന്മാർ നടത്തുന്ന ഹീനമായ പണികൾ ജനകീയ വിചാരണയ്ക്കു മുമ്പിലെത്തും. അതിനുമുമ്പേ അത്തരം ശ്രമങ്ങളിൽ നിന്ന് പിന്മാറുകായാണ് വേണ്ടത്. സഭയുടെ ഭരണവും ഭരണഘടനയും നിലനിർത്താൻ എല്ലാവരും ഒന്നായി പ്രവർത്തിക്കണം.

# കമ്പോളവത്കരിക്കപ്പെടുന്ന ആത്മീയ പ്രസംഗ വേദികൾ



ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709

**അന്യരുടെ സ്വത്തുക്കൾ വശീകരിച്ചും പ്രലോഭിപ്പിച്ചും സ്വായത്തമാക്കുവാനുള്ള ശ്രമമാണ് ഇന്ന് പ്രസംഗവേദികളിൽ കാണുന്നത്. ഫ്ളെക്സുകളിലും നോട്ടീസുകളിലും പ്രസംഗകന്റെ പേര് നിറഞ്ഞു നിന്നില്ലെങ്കിൽ പ്രസംഗ വേദിയിൽ എത്തുവാൻ മടിക്കുന്ന പ്രസംഗകർ. കൺവൻഷന് ശരിക്കും പരസ്യം കൊടുത്തില്ലെങ്കിൽ അവസാന നിമിഷം മീറ്റിംഗ് ക്യാൻസൽ ചെയ്ത് സംഘാടകരെ മാനസിക ബുദ്ധിമുട്ടിലാക്കുന്നവർ ഒരു വശത്ത്. ഒരേ ദിവസം തന്നെ രണ്ടു മീറ്റിംഗുകൾക്ക് തീയതി നല്കിയിട്ട് ആളുകളുടെ എണ്ണവും കവറിന്റെ വലിപ്പവും കൂടുതൽ ലഭിക്കുന്നയിടത്ത് പോകുന്ന പ്രസംഗകർ. ഇവരെല്ലാം നവ ആത്മീയതയുടെ വക്താക്കളാണ്, ജനത്തെ നിത്യതയിൽ എത്തിക്കുകയോ ക്രിസ്തുവിങ്കലേക്ക് ആനയിക്കുകയോ അല്ല ഇവരുടെ ലക്ഷ്യം. മറിച്ച് സ്വന്തം കാര്യം സിന്ദാബാദ് എന്ന ആപ്ത വാക്യത്തെ ആസ്പദമാക്കി സ്വയപ്രശംസയ്ക്കും സാമ്പത്തിക നേട്ടങ്ങൾക്കും വേണ്ടി ആത്മീയ വേദികളെ ഉപയോഗിക്കുകയാണിവർ. പ്രസംഗവേദിയിൽ എത്തിയാൽ തന്നെ പ്രസംഗിക്കുന്നത് ക്രിസ്തുവിനെ അല്ല, മറിച്ച് വേദികളെ കേവലം കോമഡി ഷോ ആക്കി മാറ്റുകയാണ് ചിലർ ചെയ്യുന്നത്. ദൈവവചനത്തെക്കാൾ തറ തമാശകൾ പറഞ്ഞ് ജനത്തെ ചിരിപ്പിക്കുവാൻ ശ്രമിക്കുകയാണ് ഒരു കൂട്ടർ.**

ആഗോളവത്കരണവും ഉദാരവത്കരണവും തുറന്നിട്ട പാതകളിലൂടെ കമ്പോളവത്കരണം ദ്രുതഗതിയിൽ സമൂഹത്തെ കീഴ്പ്പെടുത്തുകയാണ്. വിവര സാങ്കേതിക വിദ്യയുടെ അതിപ്രസരം നിമിത്തം സാംസ്കാരികമായ പരസ്പര സാംശീകരണം രൂപപ്പെട്ടു. അതിന്റെ പരിണിത ഫലമായി നവ ഉദാരവത്കരണം സാമൂഹികവും രാഷ്ട്രീയപരവും മതപരവുമായ പുതിയ കാര്യങ്ങൾ രൂപീകരിക്കുകയും അത് കമ്പോളവത്കരണത്തിന്റെ പുത്തൻ പാത തുറക്കുകയും ചെയ്തു. ലാഭം മാത്രം ലക്ഷ്യമാക്കി സാമ്പത്തിക നേട്ടത്തിനായുള്ള കമ്പോള സംസ്കാരം ഇന്നത്തെ സമൂഹത്തെ കീഴ്പ്പെടുത്തുന്നത് നാം കാണുന്നു. വിപണി ലക്ഷ്യങ്ങളെ ആകെ മറികടന്ന് പുതിയ ഒരു കച്ചവട സംസ്കാരം ഇവിടെ ഉടലെടുത്തു. പരസ്യത്തിലൂടെ വിപണിയെ കീഴടക്കുന്ന പുതിയ രീതികളും ആവിർഭവിച്ചു. അതിനാൽ ഇന്ന് നടമാടുന്ന ആധുനിക കമ്പോള സംസ്കാരം മനുഷ്യനെ കുരുടനാക്കിക്കളഞ്ഞു. ആത്മീയ രംഗത്തേക്കും പ്രവേശിച്ചു ഈ പുത്തൻ കമ്പോള സംസ്കാരം. പരിണിത ഫലമോ, മനുഷ്യനിൽ നിന്നു ദൈവസ്നേഹവും ദൈവീകതയും അകന്നുപോയി. അതുകൊണ്ട് നിത്യതയെ മറന്ന് ഏവരുടെയും ഇന്നത്തെ ലക്ഷ്യം സാമ്പത്തീക നേട്ടവും ഈ ലോകത്തിന്റെ ഉയർച്ചകളും മാത്രമായി. നിത്യതയെ മറക്കുമ്പോൾ ഒരുവനിൽ നിന്ന് ദൈവത്തിന്റെ സ്നേഹവും അനുകമ്പയും നഷ്ടപ്പെട്ടെന്ന് തിരിച്ചറിയാതിരിക്കുന്നത് ആധുനിക ലോകത്തിന്റെ കമ്പോളവത്കരണം കൊണ്ടാണ്. ദൈവത്തെ അറിയാതിരിക്കുന്നതും ദൈവസ്നേഹത്തിന്റെ പരിലാളനം കേൾക്കാതിരിക്കുന്നതുമാണ് ജീവിതത്തിലെ ഏറ്റവും വലിയ ന്യൂനതയെന്ന് ആരും തിരിച്ചറിയുന്നില്ല. ദൈവസ്നേഹം നഷ്ടപ്പെട്ടത് നിമിത്തം ആത്മീയ അനാഥത്വമാണ് എവിടെയും അനുഭവപ്പെടുന്നത്. സത്യം ഏത് മിഥ്യ ഏതെന്ന് തിരിച്ചറിയുവാൻ കഴിയാത്ത ഇന്നത്തെ സമൂഹം നടപ്പിലാക്കുന്നത് ആത്മീയതയുടെ പേരിലുള്ള കുതന്ത്രങ്ങളാണ്. സുവിശേഷീകരണം ലക്ഷ്യമാക്കി നടത്തുന്ന നമ്മുടെ കൺവൻഷനുകൾ തന്നെ അതിനുള്ള ഏറ്റവും വലിയ ഉദാഹരണം. എവിടെയും ഉയരുന്നത് ക്രിസ്തുവിനെക്കാൾ വ്യക്തി മാഹാത്മ്യമാണ്. എന്നിട്ട് എന്തു ചെയ്താലും അതെല്ലാം ദൈവത്തിന്റെ ഹിതമാണെന്ന് പറയുന്ന നവ ആത്മീയതയും.

അന്യരുടെ സ്വത്തുക്കൾ വശീകരിച്ചും പ്രലോഭിപ്പിച്ചും സ്വായത്തമാക്കുവാനുള്ള ശ്രമമാണ് ഇന്ന് പ്രസംഗവേദികളിൽ കാണുന്നത്. ഫ്ളെക്സുകളിലും നോട്ടീസുകളിലും പ്രസംഗകന്റെ പേര് നിറഞ്ഞു നിന്നില്ലെങ്കിൽ പ്രസംഗ വേദിയിൽ എത്തുവാൻ മടിക്കുന്ന പ്രസംഗകർ. കൺവൻഷന് ശരിക്കും പരസ്യം കൊടുത്തില്ലെങ്കിൽ അവസാന നിമിഷം മീറ്റിംഗ് ക്യാൻസൽ ചെയ്ത് സംഘാടകരെ മാനസിക ബുദ്ധിമുട്ടിലാക്കുന്നവർ ഒരു വശത്ത്. ഒരേ ദിവസം തന്നെ രണ്ടു മീറ്റിംഗുകൾക്ക് തീയതി നല്കിയിട്ട് ആളുകളുടെ എണ്ണവും കവറിന്റെ വലിപ്പവും കൂടുതൽ ലഭിക്കുന്നയിടത്ത് പോകുന്ന പ്രസംഗകർ. ഇവരെല്ലാം നവ ആത്മീയതയുടെ വക്താക്കളാണ്, ജനത്തെ നിത്യതയിൽ എത്തിക്കുകയോ ക്രിസ്തുവിങ്കലേക്ക് ആനയിക്കുകയോ അല്ല ഇവരുടെ ലക്ഷ്യം. മറിച്ച് സ്വന്തം കാര്യം സിന്ദാബാദ് എന്ന ആപ്ത വാക്യത്തെ ആസ്പദമാക്കി സ്വയപ്രശംസയ്ക്കും സാമ്പത്തിക നേട്ടങ്ങൾക്കും വേണ്ടി ആത്മീയ വേദികളെ ഉപയോഗിക്കുകയാണിവർ. പ്രസംഗവേദിയിൽ എത്തിയാൽ തന്നെ പ്രസംഗിക്കുന്നത് ക്രിസ്തുവിനെ അല്ല, മറിച്ച് വേദികളെ കേവലം കോമഡി ഷോ ആക്കി മാറ്റുകയാണ് ചിലർ ചെയ്യുന്നത്. ദൈവവചനത്തെക്കാൾ തറ തമാശകൾ പറഞ്ഞ് ജനത്തെ ചിരിപ്പിക്കുവാൻ ശ്രമിക്കുകയാണ് ഒരു കൂട്ടർ. ഇല്ലാത്ത രോഗശാന്തിയും ഉണ്ടെന്ന് കാണിക്കുവാൻ രോഗശമനം ലഭിച്ചു എന്ന് പരസ്യമായി സാക്ഷ്യം പറയേണ്ടതിനായി രോഗികളായി അഭിനയിക്കേണ്ടവരെ അണിയറയിൽ ഒരുക്കി നിർത്തിയതിന് ശേഷം വേദിയിൽ എത്തുന്നവർ. അഭിനയിക്കേണ്ടതിനായി പണം വാങ്ങിയവർ തകർത്ത് അഭിനയിക്കും, അതു കാണുന്ന ജനം പ്രസംഗകന്റെ വരപ്രാപ്തിയിൽ അത്ഭുതപ്പെടും. പക്ഷേ തികഞ്ഞ വഞ്ചനയാണ് ഇവർ കാണിക്കുന്നതെന്ന് പലർക്കും മനസ്സിലാകുന്നില്ല എന്നതാണ് സത്യം.

ഏറ്റവും അടുത്തിയിടെ കേരളത്തിലെ ഒരു രോഗശാന്തി വരപ്രാപ്തനെന്ന് അഭിമാനിക്കുന്ന വ്യക്തി നടത്തിയ റ്റി. വി. പ്രേക്ഷക സംഗമം ഏറെ കൗതുകമുണർത്തി. ഭയങ്കര രോഗശാന്തി ശുശ്രൂഷ നടക്കുന്നു, ഇടക്ക് പ്രസംഗകൻ മൈക്കിലൂടെ വിളിച്ച് പറയുന്നു. ദൈവാത്മാവ് ഒരു കാര്യം എനിക്ക് വെളിപ്പെടുത്തുന്നു, ഇവിടെ പതിമൂന്ന് വയസ്സുള്ള ഒരു പെൺകുട്ടിയുണ്ട്, ആ കുട്ടി ഷുഗറിന്റെ അസുഖത്താൽ ഭാരപ്പെടുന്നു, അതിനു വേണ്ടി ഇൻസുലിൻ ഉപയോഗിക്കുന്ന കുട്ടിയാണ്, ആ കുട്ടി വന്നിട്ടുണ്ടോ, വന്നിട്ടുണ്ടോ വന്നിട്ടുണ്ടെങ്കിൽ മുന്നോട്ടു വരിക ഇപ്പോൾ സൗഖ്യമാകും എന്നും. എനിക്ക് ഒരു സംശയം തോന്നി ഇത്രയും വെളിപ്പെടുത്തിയ ദൈവാത്മാവിന് ആ കുട്ടി ആരെന്നും ഇവിടെ വന്നിട്ടുണ്ടോ എന്നും വെളിപ്പെടുത്തി കൊടുക്കുവാൻ പ്രയാസമുണ്ടോ. എന്റെ ചിന്തയിൽ ഒരിക്കലുമില്ല. ദൈവം ഒരു വ്യക്തിയെ പരിചയപ്പെടുത്തുന്നെങ്കിൽ അതിന് കൃത്യമായ വിലാസം ഉണ്ടാകും. അതാണല്ലോ കൊർന്നല്യോസിനോട് ദൈവത്തിന്റെ ദുതൻ പറയുന്നത്. 'ഇപ്പോൾ യോപ്പയിലേക്കു ആളയച്ചു, പത്രൊസ് എന്നു മറുപേരുള്ള ശിമോനെ വരുത്തുക. അവൻ തോൽക്കൊല്ലനായ ശിമോൻ എന്നൊരുവനോടുകൂടെ പാർക്കുന്നു. അവന്റെ വീടു കടല്പുറത്തു ആകുന്നു എന്നു പറഞ്ഞു' (അപ്പോ. 10:5,6). അവസാനം വിവരം അന്വേഷിച്ചപ്പോഴാണ് കാര്യം മനസ്സിലായത് റ്റി. വി യിൽ ഈ വരപ്രാപ്തന്റെ പ്രസംഗം കണ്ട പ്രസ്തുത പെൺകുട്ടിയുടെ വീട്ടുകാർ പെൺകുട്ടിയുടെ രോഗവിവരം കാണിച്ച് പ്രാർത്ഥനയ്ക്കായി ഒരു എഴുത്ത് എഴുതിയിരുന്നു. അതിന് കൊടുത്ത മറുപടിയിൽ ഈ സ്ഥലത്ത് വച്ച് നടക്കുന്ന റ്റി. വി. പ്രേക്ഷക സംഗമത്തിൽ എത്തിച്ചേരുക എന്നെഴുതിയിരുന്നു. അതിനെയാണ് ദൈവീക വെളിപ്പാടായി പരിവർത്തനം ചെയ്തത്. ഇതിന്റെ ഉദ്ദേശ്യം എന്താണ് ക്രിസ്തുവിനെ ഉയർത്തുകയാണോ? ഒരിക്കലുമല്ല സ്വയപ്രശംസയ്ക്കും സാമ്പത്തീക ലാഭത്തിനുമായി പ്രസംഗവേദിയെ കമ്പോളവത്കരിക്കുകയാണ് ചെയ്തത്.

മറ്റൊരു കൂട്ടർക്ക് എല്ലാം കുറ്റമാണ്. അകാരണമായി ദൈവദാസന്മാരേയും ദൈവമക്കളേയും പൊതു വേദിയിൽ കുറ്റം പറയുന്നവർ നടത്തുന്നത് സുവിശേഷ പ്രഘോഷമാണോ? ലഭിക്കുന്ന സമയം മുഴുവൻ ഇങ്ങനെ പറഞ്ഞ് സമയം കളഞ്ഞ് അവസാനം ദൈവവചനത്തിൽ നിന്നും ഒരു വാക്ക് പോലും പറയാതെ സ്റ്റേജിൽ നിന്ന് ഇറങ്ങി സംഘാടകരോട് പണത്തിനായി മുറവിളി കൂട്ടുന്ന ഇത്തരക്കാരെ കാണുമ്പോൾ ലജ്ജ തോന്നുന്നു. ദൈവഭക്തിയെ ആദായ സൂത്രമാക്കി മാറ്റുന്ന ഇത്തരം ആളുകളെ സ്റ്റേജുകളിൽ നിന്നും അകറ്റി നിർത്തേണ്ട കാലമായിരിക്കുന്നു. ചിലർക്ക് കടിച്ചാൽ പൊട്ടാത്ത ഭാഷ പറഞ്ഞാലെ പ്രസംഗം ശരിയാകു, മറ്റു ചിലർക്ക് പ്രാസം ഒപ്പിച്ച് പറയണം. ഒന്നോർക്കണം, ആരോഗ്യകരമായൊരു സമൂഹത്തെയല്ല ഇവയൊന്നും പ്രതിനിധീകരിക്കുന്നത്. സ്വയത്തിന്റെ ഉയർച്ചയാണ് ഇവിടെ ഉണ്ടാകുന്നത്. പ്രസംഗ ശാസ്ത്രം അല്പം പോലും അറിയാത്തവർ. അടുത്തയിടെ ഒരു പ്രസംഗകൻ പറയുന്നത് കേട്ടു, ദൈവകൃപയാൽ ഒരു ബൈബിൾ കേളേജിലും പഠിക്കേണ്ട അവസരം എനിക്ക് ഉണ്ടായില്ല, ഞാൻ പ്രസംഗിക്കുന്നതെല്ലാം മുട്ടേലിരിക്കുമ്പോൾ കിട്ടുന്നതാ, അതാണ് ഞാൻ നിങ്ങളോട് പറയുന്നത് എന്ന്. ഇത് കേൾക്കുമ്പോൾ കേൾവിക്കാർക്ക് ഉണ്ടാകുന്നത് ബൈബിൾ സ്കൂളുകളിലും സെമിനാരികളിലും പഠിക്കുന്നത് എന്തോ വലിയ അപരാധമാണെന്നും കടുത്ത പാപമാണെന്നുമാണ്. എന്നിട്ട് ബൈബിൾ കോളേജിൽ പഠിക്കാതെ മുട്ടേലിരുന്ന പ്രാപിച്ചെന്നു പറയുന്നവർ പ്രസംഗിക്കുന്നതോ പ്രസംഗശാസ്ത്രമോ വ്യാഖ്യാനശാസ്ത്രമോ അനുസരിക്കാതെയുള്ള ശുദ്ധ അസംബന്ധവും.

പ്രസംഗം നമ്മുടെ വേദികളിൽ നിന്ന് ഒഴിവാക്കുവാൻ പറ്റാത്ത ഒന്നാണ്. എല്ലാ യോഗങ്ങൾക്കും ദൈവവചന പ്രഘോഷണം നമുക്കുണ്ട്. അതിലൂടെയാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന നിരവധി തിന്മകൾക്കെതിരെ നാം പോരാടുന്നത്. സമൂഹത്തിൽ പിടിമുറുക്കി മേൽക്കൈ നേടുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ പ്രതിലോമപരമായ ചിന്തകൾ നിഷേധാത്മക മനോഭാവങ്ങൾ എന്നിവയ്ക്കെതിരെ ബോധവത്കരണം നടത്തുന്നത്. ശരിയായത് ഏതെന്ന് ദൈവവചന അടിസ്ഥാനത്തിൽ തെളിയിക്കുന്നത്. ഇവിടെയാണ് ബോധനത്തിന്റെയും പഠനത്തിന്റെയും രീതിശാസ്ത്രം പരിശോധിക്കപ്പെടേണ്ടത്? നമ്മുടെ സമൂഹം കൊണ്ടുനടക്കുന്നതോ നിലനിർത്തുന്നതോ ആയ എല്ലാറ്റിനെയും വെല്ലുവിളിക്കുന്ന പ്രവണതയോടും നമുക്ക് യോജിക്കേണ്ടതില്ല. പക്ഷേ, അവയുടെ ഗുണദോഷങ്ങളും യുക്തിഭദ്രതയും ആധികാരികതയും പരിശോധിക്കുന്നതിന് അവസരമൊരുക്കേണ്ടുന്ന ദൗത്യം നാം ഏറ്റെടുക്കേണ്ടതുണ്ട്. നാം ജീവിക്കുന്നത് ഒരു സാമൂഹികാന്തരീക്ഷത്തിലാണ്. നമുക്ക് ദൈവവചനാടിസ്ഥാത്തിൽ ലഭിച്ച ധാരണകളും അറിവുകളും മൂല്യങ്ങളും നൈപുണികളും സാമൂഹികാന്തരീക്ഷത്തിൽ പരിശോധിക്കാനും അവയുടെ പ്രയോഗഫലം വിലയിരുത്താനും അവസരം കിട്ടേണ്ടതുണ്ട്. ദൗർഭാഗ്യവശാൽ യാതൊരു മുന്നൊരുക്കവുമില്ലാതെ സ്റ്റേജുകളിൽ എത്തുന്ന പ്രസംഗകർ അവർ നടത്തുന്ന കണ്ഠക്ഷോഭം കേൾക്കുമ്പോൾ അരോചകം ഉളവാകുകയാണ്. പാട്ട് പാടി കഥാപ്രസംഗം പോലെ പ്രസംഗം നടത്തുക. ചിലർ പറയുന്നത് കേൾക്കാം കുറിപ്പടി ഇല്ലാതെയാണ് ഞാൻ പ്രസംഗിക്കുന്നത്, എനിക്ക് പ്രസംഗിക്കുവാനുള്ളത് അപ്പപ്പോൾ ആത്മാവ് തരുകയാണെന്ന്. കേട്ടപ്പോൾ ലജ്ജ തോന്നി. അത്മാവ് തരുകയില്ലായെന്നല്ല, അത് വ്യക്തിപരമായ പ്രാർത്ഥനാ മുറിയിലായിരിക്കും എന്ന അഭിപ്രായമാണ് എനിക്ക് ഉള്ളത്. കാരണം യാതൊരു മുന്നൊരുക്കവുമില്ലാതെ നടത്തുന്ന പ്രസംഗം ഒരു തരം നിസ്സംഗതയോടെ ആയിരിക്കും കേൾവിക്കാർ കേട്ടിരിക്കുന്നത്. എന്തിനുവേണ്ടിയാണ് ഇത്തരം വ്യാജപ്രസ്താവനകൾ നടത്തുന്നത്? ജനത്തെ കബളിപ്പിക്കുന്ന പരീശന്മാരാണിവർ, ആത്മനിറവിലുള്ള ജീവിതമാണ് തങ്ങൾ നയിക്കുന്നത് എന്ന് കാണിച്ച് കവറിന്റെ വലുപ്പം കൂട്ടുവാൻ ശ്രമിക്കുകയാണിവർ ചെയ്യുന്നത്. ഒരു മീറ്റിംഗിന് വിളിച്ചിട്ട് കവർ കൊടുക്കാതിരിക്കുകയോ, അല്ല കവറിന്റെ വലിപ്പം കുറയ്ക്കുകയോ ചെയ്തെ അപ്പോൾ കാണം ആത്മനീയന്ത്രിതരെന്ന് അഭിമാനിക്കുന്ന ഇവരുടെ ഭാവം. അപ്പോൾ സ്റ്റേജിൽ അന്യഭാഷ പറഞ്ഞവരുടെ വായിൽ നിന്നും അന്യമായ ഭാഷ പുറത്തു വരും. പണത്തിനു വേണ്ടി ആരോടും യാതൊരു അനുരഞ്ജനത്തിനും തയ്യാറല്ലിവർ. പറഞ്ഞ പണം കിട്ടാതെ വണ്ടി കയറുകയില്ല ഈ കൂട്ടർ.

സ്വന്തമായി നിലപാട് രൂപപ്പെടുത്തുവാനും ഒടുവിൽ ഏതെങ്കിലുമൊരു ഭാഷാവ്യവഹാരത്തിലൂടെ തന്റെ നിലപാട് ആവിഷ്കരിക്കാനും പ്രസംഗകർ ശ്രമിക്കണം. ആശയങ്ങൾ പങ്കുവെക്കുന്നതുവഴിയാകും ആരോഗ്യകരമായ നിലപാടിലേക്ക് അനുവാചകർ എത്തുക. തങ്ങൾക്ക് ദൈവീകമായി ലഭിച്ച അറിവിനെ പ്രയോഗിച്ചുനോക്കുമ്പോൾ ചില ചിന്തകളും നിലപാടുകളും പുനഃപരിശോധിക്കേണ്ടിവരും. ആധുനീക സാമ്പത്തിക ശാസ്ത്രവും, ഭൗതികവാദവും നൂതന സിദ്ധാന്തങ്ങളും മനുഷ്യന്റെ ആത്മീയദാഹത്തെ ഒട്ടും പരിഗണിച്ചില്ല. എന്നാൽ മറുഭാഗത്ത് മനുഷ്യനെ വെറും ആത്മീയജീവിയാക്കി മാറ്റി അവന്റെ ആത്മീക ആവശ്യങ്ങളെ അവഗണിക്കുന്ന നിലപാടാണ് പല ആത്മീയ സംഘങ്ങളും സ്വീകരിച്ചത്. ഇതിനെല്ലാം ഒരു മാറ്റം ഉണ്ടാകണം. ലാഭേച്ഛ ഒട്ടും ഇല്ലാതെ സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്ന സുവിശേഷകർ എഴുന്നേല്ക്കട്ടെ. അവർ ജനത്തെ ദൈവവചനത്തിലേക്ക് ആനയിച്ച് ആഴമേറിയ പാപബോധം ജനത്തിൽ വരുത്തുന്നവരായി മാറി ഭാരതത്തിലെ ഉണർവ്വിന്റെ വക്താക്കളായി മാറട്ടെ.



## എന്നും നിങ്ങൾക്കൊപ്പം...
## മൂന്നര പതിറ്റാണ്ടായുള്ള
## ആത്മബന്ധം.

# നെടുംപറമ്പിൽ കോർപ്പറേറ്റ്

കഴിഞ്ഞ മുപ്പത്തിയാറ് വർഷമായി നിങ്ങൾക്കൊപ്പം ഞങ്ങളുണ്ട്. നിങ്ങളുടെ സ്വപ്നങ്ങളും ലക്ഷ്യങ്ങളും സാക്ഷാത്കരിക്കുവാൻ നിങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസം നന്ദിയോടെ സ്മരിക്കുന്നു.

ജീവിതത്തിലെ വൈവിധ്യമാർന്ന നിങ്ങളുടെ ആവശ്യങ്ങൾക്ക് സഹായകമായ വിവിധ പദ്ധതികൾ ഞങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇനിയും കൂടുതൽ പ്രയോജനപ്രദമായ പദ്ധതികളുമായി നിങ്ങൾക്കൊപ്പം ഞങ്ങൾ എന്നുമുണ്ടാവും. മൂന്നര പതിറ്റാണ്ടായുള്ള ഈ ആത്മബന്ധം ഞങ്ങൾ എന്നും കാത്തു സൂക്ഷിക്കും.

ഭാരതത്തിന്റെ അതിവേഗ വളർച്ചയുടെ ഈ കാലഘട്ടത്തിൽ ധനകാര്യ-വ്യാപാര മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളിൽ ഒന്നായി ഞങ്ങളും മുൻനിര സ്ഥാനത്തേക്കുള്ള കുതിപ്പിലാണ്. പുരോഗതിയുടെ ഓരോ ചുവടുവെപ്പിലും നിങ്ങൾക്കൊപ്പം ഞങ്ങളുണ്ടാവും.

## ഞങ്ങളുടെ സംരംഭങ്ങളും സേവനങ്ങളും

### നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ്

- സ്വർണ്ണ വായ്പ
- മൈക്രോ ഫിനാൻസ്
- ജനറൽ ഇൻഷുറൻസ്
- ലൈഫ് ഇൻഷുറൻസ്
- വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ
- എക്സ്പേ (ഇൻഡ്യയിൽ എവിടേക്കും പണം അയക്കാനുള്ള സൗകര്യം)
- മണിഗ്രാം
- എക്സ്പ്രസ്സ് മണി
- വിദേശ നാണയ വിനിമയം
- പാൻ കാർഡ്
- ടിക്കറ്റിംഗ് (Air/Train/Bus)
- റീചാർജ്ജ് (Mobile & Dish TV)
- സ്വിഫ്റ്റ് ട്രാൻസ്ഫർ (വിദേശത്തേക്ക് പണം അയക്കൽ)
- ട്രാൻസ് ഫാസ്റ്റ്

### നെടുംപറമ്പിൽ നിധി ലിമിറ്റഡ്

- സ്ഥിര നിക്ഷേപങ്ങൾ
- റിക്കറിംഗ് ഡിപ്പോസിറ്റ്
- സേവിംഗ്സ് ഡിപ്പോസിറ്റ്
- സ്വർണ്ണ വായ്പ
- ബിസിനസ്സ് ലോൺ

### നെടുംപറമ്പിൽ കുറീസ് Pvt Ltd

- ചിട്ടി

1. അൻപതിനായിരം
2. ഒരു ലക്ഷം
3. രണ്ടു ലക്ഷം
4. അഞ്ചു ലക്ഷം

### മാത്യൂസ് ഗ്യാസ് ഏജൻസി

- ഇൻഡേൻ ഗ്യാസ് സർവ്വീസ്

### നെടുംപറമ്പിൽ എന്റർപ്രൈസസ്

### റീഡേഴ്സ് പബ്ലിക്കേഷൻസ്

### നെടുംപറമ്പിൽ എസ്റ്റേറ്റ്സ്

1st Floor, Plamthottam Complex
Near KSRTC Bus Terminal, Thiruvalla - 689 101
Ph: 0469 2636395, 2631308
E-mail: mailus@nedumparambilcorp.com



**എൻ. എം. രാജു**
ചെയർമാൻ
നെടുംപറമ്പിൽ കോർപ്പറേറ്റ്



എൻ. എം. രാജൂ

# ആത്മീക കണക്കെടുപ്പ്

ഏതൊരു സമൂഹത്തിന്റെയും വളർച്ചയ്ക്കു പ്രധാനമായ പങ്കുവഹിക്കുന്നത് അതിന്റെ മുൻനിര നായകരാണ്. അവരുടെ കാര്യശേഷിയും ദീർഘവീക്ഷണവും സ്വയപരിശോധനയും എല്ലാം അവർ നേതൃത്വം നൽകുന്ന പ്രസ്ഥാനത്തിന് വലിയ കുതിപ്പുണ്ടാക്കാൻ കാരണമാകും. മതേതര മേഖലയിലുള്ള എല്ലാ സംരഭങ്ങളുടെയും വളർച്ച പരിശോധിക്കുമ്പോൾ ചിലത് പുരോഗതി പ്രാപിക്കുന്നത് ത്വരിതഗതിയിലാണെന്നു കാണാം. അവിടങ്ങളിൽ എല്ലാം സൂക്ഷ്മമായ പുനഃപരിശോധനകൾ നടത്തി കാര്യങ്ങൾ മുമ്പോട്ടുനീക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ആകെക്കൂടെ പറഞ്ഞാൽ ഏതൊരു സമൂഹവും നല്ല കണക്കെടുപ്പിനുകൂടെ അവസരം എടുത്തുവേണം മുമ്പോട്ടുപോകാൻ.

ആത്മിക പ്രസ്ഥാനങ്ങളുട തലപ്പത്തിരിക്കുന്നവർക്ക് വലിയ ഉത്തരവാദിത്വമാണുള്ളത്. അവർ സ്ഥാനത്ത് എത്തുക എന്നതുകൊണ്ട് തീരരുത് അവരുടെ ലക്ഷ്യം. പിന്നെയും സാമൂഹിക പ്രതിബദ്ധതയോടുകൂടി മുമ്പോട്ടുപോകേണ്ടതുണ്ട്. സഭാ നേതാക്കന്മാർ അവരവർ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ സമഗ്രമായ പുരോഗതിയെ ലക്ഷ്യമാക്കിവേണം പ്രവർത്തിക്കുവാൻ. നേതാക്കന്മാരുടെ ചെറിയ അനാസ്ഥയും കെടുകാര്യസ്ഥതയും പ്രസ്ഥാനത്തിനുണ്ടാക്കുന്നത് ഗുരുതരമായ തകർച്ചയായിരിക്കും.

ഇതര സംഘനകളെ അപേക്ഷിച്ച് ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ മുൻനിര പ്രവർത്തകർക്ക് സമൂഹത്തോട് കൂടുതൽ ഉത്തരവാദിത്വമാണുള്ളത്. അവർക്ക് പ്രവർത്തനത്തിൽ പാലിക്കേണ്ട പ്രത്യേകമായ സദാചാരനിഷ്ഠകളുണ്ട്. ആത്മീക നേതാക്കളുടെ എല്ലാ ചെയ്തികളും നിശ്ചിത അതിർവരമ്പുകൾക്കുള്ളിലായിരിക്കണം. സാമൂഹ്യ പ്രതിബദ്ധത മാത്രം പോരാ, ദൈവത്തോടുള്ള കടപ്പാടോടുകൂടിയ നീതിനിഷ്ഠമായ പ്രവൃത്തികളാണ് അവർ ചെയ്യേണ്ടത്. രാഷ്ട്രീയമോ, മതേതരമോ ആയ മറ്റ് മേഖലകളെക്കാൾ ആധ്യാത്മികതയ്ക്ക് കൂടുതൽ ഉത്തരവാദിത്വം ഉണ്ടെന്ന് പറയേണ്ടതില്ലല്ലോ. ഈകാലഘട്ടത്തിലെ ഏറ്റവും വലിയ പ്രശ്നം ആത്മികനേതൃത്വങ്ങളും ലോകത്തോട് ചേർന്ന് നിരുത്തരവാദപരമായ ഒരു ഭരണശൈലിയാണ് പിന്തുടരുന്നതെന്ന് പറയാം. സ്വജനപക്ഷവാദവും ഏകാധിപത്യപ്രവണതകളും ഒരു ജനാധിപത്യ സമൂഹത്തിൽ ഒട്ടും ഭൂഷണം അല്ലെന്നറിയാം, എന്നാൽ അവിടുത്തെക്കാൾ സദാചാരബോധത്തോടും ബോധ്യത്തോടുംകൂടെ പ്രവർത്തിക്കേണ്ട ആത്മീകരംഗം വല്ലാത്ത സ്ഥിതിയിലേക്കാണ് പോകുന്നത്. ഇതിന് ഒരു അറുതിയുണ്ടായെങ്കിലെ പറ്റൂ.

ഒരു ആത്മിക നേതാവ് ആ ചുമതല ഏറ്റെടുക്കുന്നത് സ്വന്തം താല്പര്യത്തിൽ മാത്രമല്ല, അതിൽ ഒരു ദൈവനിയോഗം കൂടിയുണ്ട്. ദൈവനിയോഗം ഉള്ളതുകൊണ്ടാണ് സ്വാർത്ഥതയിൽ അധിഷ്ഠിതമായി ചിന്തിക്കാനോ പ്രവർത്തിക്കുവാനോ ഒരു ആത്മീക നേതൃത്വത്തിന് കഴികയില്ലെന്ന് പറയാൻ കാരണം. ദൈവനിയോഗം ആണ് നേതൃത്വത്തിന്റെ പ്രധാന ഗുണമെങ്കിലും ആ സ്ഥാനംകൊണ്ട് തനിക്കെന്ത് ഗുണമുണ്ടാകും എന്നതിനേക്കാൾ ദൈവരാജ്യ നന്മയാണ് ലക്ഷ്യം വയ്ക്കേണ്ടത്. അത്തരം ഒരു സ്ഥാനത്ത് ഇരിക്കുമ്പോൾ തന്നാലാവോളം ആ സഭയുടേയും സമൂഹത്തിന്റെയും പുരോഗതിക്ക് ഉതകുംവിധം പ്രവർത്തിക്കുകയാണ് വേണ്ടത്. പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിക്കണമെങ്കിൽ ഇടയ്ക്കിടയ്ക്ക് കണക്കെടുപ്പിനുള്ള അവസരം ഉണ്ടാകേണം. എവിടെയാണ് പോരായ്മ എന്ന് കണ്ടെത്താൻ, അത് നികത്താൻ ഒക്കെ നന്നായി പരിശ്രമിക്കുന്ന ആളാണ് യഥാർത്ഥ നേതാവ്. പക്ഷെങ്കിൽ നമ്മുടെ നേതൃത്വങ്ങൾ സ്വന്തം സഭയുടെയും സമൂഹത്തിന്റെയും കാര്യംവിട്ട് സ്ഥാനംകൊണ്ട് തനിക്കും തലമുറയ്ക്കും എന്തുണ്ടാക്കാം എന്ന ചിന്തയിലാണ്. ഇവരൊക്കെ ആദിമ സഭാപിതാക്കന്മാരുടെ ആത്മീകമൂല്യങ്ങളിലേക്ക് തിരിച്ചുപോവുകയാണ് വേണ്ടത്. അപ്പൊസ്തലിക കാലഘട്ടത്തിൽ എല്ലാം പൊതുവക എന്ന് എണ്ണുന്ന ഒരു സമൂഹത്തെയാണ് നാം കാണുന്നത്. അവരെ നയിച്ച നായകർ, 'ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും'' എന്നാണ് പറയുന്നത്. നിസ്വാർത്ഥമായ ജനസേവകരുടെ മനസ്സാണ് ഈ വാക്കുകളിലൂടെ വെളിപ്പെടുന്നത്. ഇത്തരം ഒരു ധാർമ്മികതിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കൊണ്ട് ആദിമസഭയ്ക്കുണ്ടായിരുന്ന നേട്ടം എന്തായിരുന്നുവെന്ന് അപ്പൊസ്തലപ്രവൃത്തികളിൽ രേഖപ്പെടുത്തുന്നു. ആ സഭ എണ്ണത്തിൽ പെരുകുകയായിരുന്നു. വർദ്ധനവിന്റെ വിശാലമേഖലയിലേക്ക് സഭ പോകുന്നതാണ് നമ്മൾ കാണുന്നത്. മൂവായിരവും അയ്യായിരവും പതിനായിരവുമായി പെരുകുന്നു. ഇത്തരം ഒരു അത്ഭുതാവഹമായ പുരോഗതിയുടെ കണക്ക് ആഗോളവ്യാപകമായ ക്രൈസ്തവസഭകളുടെ വളർച്ച മൊത്തവുംകൂടെ പരിശോധിച്ചാലും ഇന്ന് ലഭ്യമല്ല. അതിന്റെ കാരണം സഭാനേതൃത്വങ്ങൾ സ്വാർത്ഥതയിൽ അധിഷ്ഠിതമായി നിഷ്ക്രിയരാകുകയാൽ തങ്ങൾക്ക് ലാഭമില്ലാത്ത ഒന്നിനും പണമോ സമയമോ ആരോഗ്യമോ ഒന്നും ചെലവഴിക്കാൻ മനസ്സില്ലാത്ത നേതൃത്വമാണ് രംഗത്തിരിക്കുന്നത്.

സുവിശേഷീകരണ രംഗത്ത് നമ്മൾ അംഗീകരിക്കാത്ത സാമുദായിക സഭകൾ വടക്കും തെക്കുമുള്ള പർവ്വത മേഖലകളിൽ തുടങ്ങിവെച്ച മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതിയും നമ്മെ അതിശയിപ്പിക്കുന്നതാണ്. കാടുവെട്ടിത്തെളിച്ച് ആളുകൾ കുടിയേറിയ ഇടങ്ങളിലൊക്കെ ആധ്യാത്മികമായ പ്രവർത്തനങ്ങളുടെ വിത്തുകൾ വിതറുകയും അവയെ വേര് പിടിപ്പിക്കാൻ കഴിവുള്ള ആളുകളെ അയച്ച് പ്രയത്നിക്കുകയും ചെയ്തതിന്റെ ഫലമാണ് കുടിയേറ്റ മേഖലകളിലൊക്കെ ഇന്നും ആർക്കും വിളളലുണ്ടാക്കാനാവാത്തവിധം ആ പ്രസ്ഥാനങ്ങൾ തഴച്ചുവളർന്നുനില്ക്കുന്നത്.

നായകപദവി നൽകുന്ന ഒരു സുരക്ഷിതത്വബോധം ഉണ്ട്. സാമ്പത്തികവും സാമൂഹ്യവുമായ ഒരു സുരക്ഷിത മേഖലയിൽ എത്തപ്പെട്ടു കഴിഞ്ഞാൽ പിന്നെ തങ്ങൾ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ സമസ്തമേഖലയിലേയും വളർച്ചയൊന്നും ഇത്തരം നേതാക്കളുടെ അജണ്ടയിലില്ല. കേരളത്തിലെ പെന്തക്കൊസ്തു പ്രസ്ഥാനങ്ങളുടെ ആരംഭകാല ചരിത്രവും സമകാലീന ചരിത്രവും താരതമ്യം ചെയ്താൽ ആളുകൾ ക്രിസ്തുവിങ്കലേക്ക് വരുന്നത് താരതമ്യേന കൂടുതൽ ആ പഴയകാലത്തു തന്നെയായിരുന്നുവെന്ന് പറയേണ്ടിവരും. ഇന്നത്തെ ആധുനികമായ യാതൊരു സൗകര്യങ്ങളും ഇല്ലാതെതന്നെ പൂർവ്വസൂരികൾ നേടിയെടുത്ത അക്കാലത്തെ വളർച്ച വിസ്മയിപ്പിക്കുന്നതാണ്. അവരുടെ പ്രവർത്തനങ്ങൾ വളർച്ചയിൽ അധിഷ്ഠിതമായിരുന്നുവെന്ന് പറയാം. എവിടെ സഭയ്ക്ക് വളർച്ചയില്ലായ്മ ഉണ്ടായിരുന്നുവോ അതിന്റെ കാര്യകാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിലായിലുന്നു നേതൃത്വങ്ങളുടെ പാടവം. അതുകൊണ്ടാണ് അവർ ആരംഭിച്ച ഒരു മേഖലയിലേയും സഭകൾ നിർത്തേണ്ടി വന്നില്ല. ആ ആദ്യകാലസഭകളൊന്നും ആത്മാക്കളില്ലാതെ വന്നതുമില്ല. ഇപ്പോൾ ആരംഭകാല സഭകൾ എണ്ണത്തിൽ കുറവായിരിക്കുന്നുവെങ്കിൽ കണക്കെടുപ്പിനും പുനഃപരിശോധനയ്ക്കും താല്പര്യമില്ലാത്ത നേതാക്കളുടെ കൈയ്യിലെത്തുമ്പോഴാണ് അങ്ങനെയൊക്കെ സംഭവിച്ചത്. ഇത് ബോധ്യമായിട്ടും ഒരു പരിഹാരക്രിയയ്ക്ക് ക്രിയാത്മകമായി ചുവടുവെപ്പു നടത്താൻ പെന്തക്കൊസ്തു നേതാക്കൾക്ക് കഴിയുന്നില്ല.

സുവിശേഷീകരണ രംഗത്ത് നമ്മൾ അംഗീകരിക്കാത്ത സാമുദായിക സഭകൾ വടക്കും തെക്കുമുള്ള പർവ്വത മേഖലകളിൽ തുടങ്ങിവെച്ച മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതിയും നമ്മെ അതിശയിപ്പിക്കുന്നതാണ്. കാടുവെട്ടിത്തെളിച്ച് ആളുകൾ കുടിയേറിയ ഇടങ്ങളിലൊക്കെ ആധ്യാത്മികമായ പ്രവർത്തനങ്ങളുടെ വിത്തുകൾ വിതറുകയും അവയെ വേര് പിടിപ്പിക്കാൻ കഴിവുള്ള ആളുകളെ അയച്ച് പ്രയത്നിക്കുകയും ചെയ്തതിന്റെ ഫലമാണ് കുടിയേറ്റ മേഖലകളിലൊക്കെ ഇന്നും ആർക്കും വിള്ളലുണ്ടാക്കാനാവാത്തവിധം ആ പ്രസ്ഥാനങ്ങൾ തഴച്ചുവളർന്നുനില്ക്കുന്നത്. അതിന് കാരണം അവിടേക്ക് പ്രേഷിതപ്രവർത്തകരെ അയച്ച നേതൃത്വങ്ങൾക്ക് കണക്കെടുപ്പുണ്ട്, അവർ കണക്കുകൊടുക്കേണ്ടിയവരുമാണ് എന്ന ബോധ്യമുണ്ടായിരുന്നു. ആധുനിക പെന്തെക്കൊസ്തിനെ ഇതുമായിട്ടൊക്കെ താരതമ്യം ചെയ്യുമ്പോഴാണ് നമ്മളെത്രയോ പിന്നോക്കം നില്ക്കുന്നുവെന്ന് തോന്നിപ്പോവുക. വളരുകയും പിളരുകയും ചെയ്യുന്നുവെന്നല്ലാതെ കണക്കുകളുടെ കേവലം കളികൾ എന്നല്ലാതെ, വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വളർച്ച നമുക്കെന്നേ മുരടിച്ചുപോയിരിക്കുന്നു. വളർച്ചയുടെ മാനദണ്ഡം തന്നെ മാറിയിരിക്കുന്നു. ഇനി എന്നാണ് തിരിച്ചുവരവിന് ഒരുവഴി എന്നാണ് ആലോചിക്കേണ്ടത്. ഒറ്റവഴിയാണുള്ളത്, നാം എത്തപ്പെട്ട സ്ഥാനത്തിരുന്നുകൊണ്ട് എനിക്കും എന്റെ കുടുംബത്തിനും എന്ത് നേടാനാവും എന്നല്ല ചിന്തിക്കേണ്ടത്, നമുക്കും നമ്മുടെ സഭയ്ക്കും എന്ത് നേടാനാവും എന്നാണ് ചിന്തിക്കേണ്ടത്. അതിനായി ഒരാത്മീക കണക്കെടുപ്പിനായി മുതിരുക.

## ഇനിയും പറയാതെ വയ്യ

# നേതാക്കന്മാരുണ്ടാക്കുന്ന നൂലാമാലകൾ



പാസ്റ്റർ സുരേഷ് കീഴൂർ
9447777702

ലീഡർ ആകുവാൻ ലഭിക്കുന്ന ഒരു അവസരവും കളയാത്തവരാണ് മലയാളി പെന്തക്കോസ്തു സമൂഹം. ദൈവനിയോഗമോ, ശുശ്രൂഷയോപോലും ഇതിന് പലപ്പോഴും അടിസ്ഥാനമാകാറില്ല. എല്ലാറ്റിലും പണമാണ് പ്രധാന വജ്രായുധം എന്നു ഞാൻ പറഞ്ഞാൽ ഹൃദയം തുറന്നു ആമേൻ പറയുവാൻ ചെറിയ ഒരു സമൂഹമേ ഉണ്ടാവുകയുള്ളൂ എന്നതും നല്ല ബോധ്യത്തോടെ ഓർക്കുന്നു. ദ്രവ്യം മനുഷ്യന് ദൈനംദിന കാര്യങ്ങൾക്ക് അനിവാര്യമെങ്കിലും അതിന്റെ അതിപ്രസരം ഒരു കൈക്കൂലിയുടെ നിലവാരത്തിലേക്ക് മാറുമ്പോൾ കളം കുളമാകും എന്നതിൽ സംശയം ഇല്ല. നേതാക്കന്മാർക്ക് ലഭിക്കുന്ന ആദരവും സ്നേഹവും വരും തലമറയ്ക്കും ലഭിക്കണം എന്ന ശാഠ്യം പിടിച്ചാലും പ്രസ്ഥാനത്തിന് ക്ഷീണം തന്നെ.

നമ്മുടെ നാട്ടിൽ രാജപരമ്പരകളായി ഭരണം നടത്തിയവരെപ്പോലെ തന്നെ ഇന്നും മാറിയാൽ ജനാധിപത്യപ്രവണതയും, ലക്ഷ്യവും മാറി നിൽക്കേണ്ടി വരും. കോൺഗ്രസ് പാർട്ടിക്കുവന്ന അധഃപതനം നേതൃത്വം ഒരു വീട്ടിൽ തന്നെ കേന്ദ്രീകരിച്ചു എന്നതാണ്. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയ്ക്ക് അങ്ങനെ സംഭവിക്കാതിരിക്കട്ടെ. നല്ല നേതാവിന്റെ ഗുണം എന്നത് ശിഷ്യമാരെ തത്തുല്യരായി വാർത്തെടുക്കുക എന്നതാണ്. യേശുവിന്റെ കാലഘട്ടത്തിൽ യൂദ ചുംബിക്കേണ്ടി വന്നതിന്റെ പ്രധാന കാരണം രൂപത്തിലും ഭാവത്തിലും യേശുവിനെ അവർക്ക് തിരിച്ചറിയുവാൻ കഴിഞ്ഞില്ല എന്നതിനാലായിരുന്നു എന്നു ഞാൻ കരുതുന്നു.

**പ്രേഷിത ദൗത്യം വലിയതെങ്കിലും, അതൊന്നും കാണുവാൻ കഴിയാതെ ഭാരത സുവിശേഷീകരണത്തിന്റെ പേരിൽ വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയും, ധന മാർഗ്ഗമായി ഈ ദൗത്യത്തെ തീർക്കുകയും ചെയ്യുന്നവരുടെ പ്രവർത്തനങ്ങൾക്ക് തിരശീല വീഴുവാൻ പോകുകയാണ്.**

കുമ്പനാടിനിപ്പോൾ ഗ്രൗണ്ടിൽ പുതിയതായി ഏത് സംരംഭം വന്നാലും മുൻനേതാവിന്റെ പിൻതലമുറക്കാരുടെയും അനുവാദത്തോടെ മാത്രമേ ആകാവൂ എന്ന് നിബന്ധന എഴുതിവെച്ചാൽ എന്തുചെയ്യും? പുതിയ ബിൽഡിംഗ് പണിയുവാൻ മുൻപോട്ട് വന്ന ഒരു സന്നദ്ധ സംഘാടകന് തന്റെ ദൗത്യം നടക്കില്ല എന്നു ബോധ്യമായി. ആധാരം കാണാതെ പോകുന്നു, വീണ്ടും കോടതിയിലാണ് ആധാരം എന്നറിഞ്ഞ് എടുത്തുനോക്കുമ്പോൾ കുമ്പനാട് ഗ്രൗണ്ടിൽ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ വസ്തുവെങ്കിലും എന്റെ മക്കളുടെ അറിവോടു മാത്രമേ കാര്യങ്ങൾ നടക്കാവൂ എന്നൊരാൾ ചിന്തിച്ചാൽ അതിന്റെ ലക്ഷ്യം ദൈവികമല്ല എന്ന് ഒരു സാധാരണക്കാരൻ എന്നനിലയിൽ ഞാൻ തുറന്നുപറയും (വായനക്കാർ വിശദമായി അന്വേഷിച്ചാട്ടെ). നേതാക്കളുടെ കുബുദ്ധി പിന്നീട് സഭയ്ക്ക് വിനയായിത്തീരുന്നതിൽ ദുഃഖിക്കുന്നു.

സെന്ററുകളും സെന്റർ പ്രവർത്തനങ്ങൾകൊണ്ടും ഇടംവലം തിരിയുവാൻ ബുദ്ധിമുട്ടുന്ന മുണ്ടക്കയം വിശ്വാസസമൂഹത്തിന് ആശ്വാസകരമായ വാർത്ത. സ്വതന്ത്രസഭകളെ കൂട്ടിച്ചേർത്തും സമീപ സെന്ററുകളിൽ നിന്ന് വിലയ്ക്കുവാങ്ങിയും കൂട്ടിച്ചേർത്ത ഒരു പ്രവർത്തകൻ കുമ്പനാടിന് യാത്ര തിരിച്ചിരിക്കുന്നു എന്നു കേൾവി. അദ്ദേഹത്തിന്റെ ഭാവി തുലാസിൽ എന്നേ ലേഖകൻ പറയൂ. നേതാക്കളെ നിങ്ങൾക്ക് ആശുശ്രൂഷ ദൈവം നൽകിയിരിക്കുന്നു എന്നുറപ്പുണ്ടെങ്കിൽ സെന്റർ ചാട്ടം ആദ്യം അവസാനിപ്പിക്കണം. ഒരിടത്തു നില്ക്കുവാൻ വയ്യാത്ത അവസ്ഥ സൃഷ്ടിച്ചിട്ട് മറ്റൊരിടത്തു നിന്നു പണവും, വാഗ്ദാനവും വാങ്ങി ക്യൂനിൽക്കുന്ന സഭകളെയും, ശുശ്രൂഷകരെയും ഐ.പി.സിയിൽ പുറത്തേക്കുള്ള വാതിൽ ചൂണ്ടിക്കാണിക്കണം. സെന്റർ മാറുവാൻ അനുവദിക്കുകയില്ല എന്ന പൊതു നിയമം നിങ്ങളുടെ രക്തത്തിലും, ആത്മാർത്ഥതയിലും ഉണ്ടെങ്കിൽ നമ്മുടെ താല്പര്യകക്ഷികൾ വരുമ്പോൾ അനുകൂല തീരുമാനവും അല്ലാത്തപ്പോൾ പ്രതികൂലവും ആകാതിരിക്കട്ടെ. ചിലതു പറയുവാൻ എന്റെ കീശയിലും കുറെ ഉണ്ടെന്നേ....

ഐ.പി.സി ഭരണഘടന വീണ്ടും പരിഷ്കരിക്കുവാൻ ഒരുങ്ങുന്നു. ആർക്കുവേണ്ടി എന്നൊരു ചിന്ത ഉടലെടുക്കും. പരിഷ്കരിക്കുവാൻ നിയോഗിച്ചിട്ടുള്ള അംഗങ്ങൾക്കുവേണ്ടിയും, അവരുടെ ആശ്രിതർക്കു വേണ്ടിയും ആകാതിരുന്നാൽ നന്ന്. ഇനി യഥാർത്ഥ പരിഷ്കരണം നടത്തുവാൻ തയ്യാറായാൽ തങ്ങൾക്ക് അനുകൂലം അല്ല പരിഷ്കരണം എന്നു മനസ്സിലാക്കിയാൽ അവർ തന്നെ പരിഷ്കരണത്തിനെതിരായി കോടതിയെ സമീപിക്കും. വല്ലാത്ത ലോകം!

ദൈവസഭകളെ ഉപദേശിക്കേണ്ടവർ ആര്? എന്നൊരു ചോദ്യം നിലനില്ക്കുന്നു. പൗലൊസ് സഭകളിൽ ഉപദേശകരെ ആക്കിയപ്പോൾ വിശ്വാസത്തിൽ പക്വതയുള്ളവരെയും, ഉപദേശത്തിൽ തിട്ടമുള്ളവരെയും കുടുംബത്തിൽ സാക്ഷ്യം ഉള്ളവരെയും പ്രത്യേകം എടുത്തു പരാമർശിക്കുന്ന കാര്യം മറക്കരുത്. അവരുടെ മക്കൾപോലും വിശ്വാസികൾ ആയിരിക്കണം എന്നും എടുത്തുപറഞ്ഞിട്ടുണ്ട്. ഒരുകാലത്ത് നമുക്ക് ഉപദേശങ്ങൾ പഠിപ്പിക്കുന്നതിനുള്ള പാഠശാലകൾ ലോക്കൽ സഭകളിൽ ഉണ്ടായിരുന്നു. ഇന്ന് ഉപദേശത്തിൽ തിട്ടമുള്ളവർ കുറവ്. ഇനി എവിടെയെങ്കിലും പഠശാല തുറന്നാൽ പഠിക്കുവാൻ ആളുകളും ഇല്ല. 'വാൾ എടുക്കുന്നവരെല്ലാം വെളിച്ചപ്പാടുകാർ' എന്ന ഒരു പഴമൊഴിപോലെയായി ഇന്നു കാര്യങ്ങൾ. സഭകളെയും, വലിയ സമൂഹത്തെയും ഉദ്ധരിക്കുവാൻ കോട്ടിട്ട കുട്ടിപ്പട്ടാളക്കാർ. ജീവിതത്തിലും, ശുശ്രൂഷയിലും ലവലേശംപോലും പക്വത ഇല്ലാത്ത ഇക്കൂട്ടരിൽ പലരും ബാംഗ്ലൂർ തിയോളജിയുടെയും, ന്യൂ ജനറേഷൻ തിയറികളും മാത്രം ആശ്രയിക്കുമ്പോൾ പകച്ചുനിൽക്കുന്ന ശുശ്രൂഷാവൃന്ദം. ഇത് എന്തായിത്തീരും എന്ന ആശങ്ക.

ഒന്നു തുറന്നു പറയാം, വചനപ്രഘോഷണം വ്യക്തിഗതജീവിതത്തിൽ, സുവിശേഷീകരണം അനിവാര്യമെങ്കിലും പക്വതയാർന്ന ജീവിതത്തോടെ ചെയ്തുവെങ്കിലേ ജനം തൃപ്തരാകൂ എന്നു പറയാതെ വയ്യ.

# ദുഷ്ടതയുടെ ഫലം നാശം



വത്സമ്മ പോൾ

വിശുദ്ധ വേദപുസ്തകം പറയുന്നു ''ദുഷ്ടന് അയ്യോ കഷ്ടം'' അവന് ദോഷം വരും. അവന്റെ പ്രവൃത്തികളുടെ ഫലം അവൻ അനുഭവിക്കും. സങ്കീർത്തനം 37:17–ൽ 'ദുഷ്ടന്റെ ഭുജങ്ങൾ ഒടിഞ്ഞുപോകുന്നു. എന്നാൽ നീതിമാന്മാരെ യഹോവ താങ്ങും. ദുഷ്ടന്മാർ നശിച്ചുപോകും. ദുഷ്ടനെയും സാഹസപ്രിയനെയും അവന്റെ ഉള്ളം വെറുക്കുന്നു. ദുഷ്ടന്മാരുടെ മേൽ അവൻ കെണികളെ വർഷിപ്പിക്കും. തീയും, ഗന്ധകവും, ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും.'' ദൈവസന്നിധിയിലേക്ക് ആവലാതി ഉയരത്തക്കവണ്ണം അസഹനീയമായ ദുഷ്ടജീവിതം നയിച്ചിരുന്ന സോദോമിന്റെ മേൽ ദൈവത്തിന്റെ കോപം വെളിപ്പെട്ടത് ദൈവവചനത്തിൽ ദൃഷ്ടാന്തമായി നാം വായിക്കുന്നു. അമിതമായ സമ്പത്തും സുഖലോലുപത്വവും അവരെ അഹങ്കാരികളും അധാർമ്മികരുമാക്കിത്തീർത്തു. ദൈവീക സാന്നിദ്ധ്യത്തിൽ ലജ്ജാകരമായ പാപപ്രവൃത്തികൾ, അശുദ്ധജീവിതം, വിഗ്രഹാരാധന, പ്രകൃതിവിരുദ്ധമായ ഭോഗപ്രവൃത്തികൾ അവരെ ദൈവത്തിൽ നിന്നും അകറ്റി. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്ത് മഹത്വീകരിക്കുകയോ നന്ദികാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ മുഴുകി വ്യർത്ഥമായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. അതിന്റെ ഫലമായി അനേകം നഗരങ്ങൾ ദൈവകോപത്തിനിരയായി. ദൈവത്തെ നിഷേധിക്കുന്നവർക്ക് ദൈവം ശിക്ഷാവിധി നല്കുമെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. സോദോം, ഗോമറ നഗരങ്ങൾക്കുണ്ടായ ശിക്ഷാവിധി, അവിടുത്തെ ജനങ്ങളുടെ ദുർന്നടപ്പ്, സ്വഭാവവിരുദ്ധമായ ഭോഗപ്രവണത, ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമപ്രവൃത്തിക്ക് ഹേതുവാക്കിത്തീർത്തവർ അവർ ദൈവകോപത്തിനിരയായി. ഇന്നും കൃപയാൽ രക്ഷിക്കപ്പെട്ട ദൈവജനം പാപത്തെക്കുറിച്ചു യഥാർത്ഥമായി ബോധവാന്മാരോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ദുഷ്ടന്മാരുടെ ഹനനയാഗം വെറുപ്പാകുന്നു. ദുഷ്ടൻ മുഖദാർഷ്ട്യം കാണിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ ഇപ്രകാരം പറയുന്നു.

സത്യത്തിന് അനുകൂലമല്ലാതെ പ്രവൃത്തിക്കുമ്പോൾ ദുഷ്ടത പ്രവൃത്തിക്കുന്നു. ഉല്പത്തി 18–ന്റെ 19 മുതൽ നാം വായിക്കുമ്പോൾ ദൈവം നീതിമാനെന്നും കരുണയുള്ളവനാണെന്നും സോദോമിനു നല്കുന്ന ശിക്ഷ അബ്രഹാമിനും അവന്റെ സന്തതിക്കും എന്നേക്കും ഒരു പാഠമായിരിക്കണമെന്നും ആഗ്രഹിച്ചു. സോദോമിന്റെയും ഗോമോറയുടെയും നിലവിളി വലിയതും പാപം അതികഠിനവും ആയിരുന്നു എന്നാൽ അബ്രഹാമോ യഹോവയുടെ സന്നിധിയിൽ തന്നെ നിന്നു. ഇന്നും മുന്നറിയിപ്പുകൾ നല്കിയിട്ടും അത് അവഗണിച്ച് സ്വന്ത ഇഷ്ടം അനുസരിച്ച് ജീവിക്കുന്നവർക്ക് ഉന്മൂലനാശം വരുത്തുമെന്ന് തിരുവചനം വ്യക്തമാക്കുന്നു. ആകാശത്തുനിന്നും തീയും ഗന്ധകവും വർഷിപ്പിക്കും. ദുഷ്ടന്മാർ സമയത്തിനുമുമ്പേ മരിക്കും.

**സോദോമിന്റെയും ഗോമേറെയുടെയും നിലവിളി വലിയതും പാപം അതികഠിനവും ആയിരുന്നു എന്നാൽ അബ്രഹാമോ യഹോവയുടെ സന്നിധിയിൽ തന്നെ നിന്നു. ഇന്നും മുന്നറിയിപ്പുകൾ നല്കിയിട്ടും അത് അവഗണിച്ച് സ്വന്ത ഇഷ്ടം അനുസരിച്ച് ജീവിക്കുന്നവർക്ക് ഉന്മൂലനാശം വരുത്തുമെന്ന് തിരുവചനം വ്യക്തമാക്കുന്നു. ആകാശത്തുനിന്നും തീയും ഗന്ധകവും വർഷിപ്പിക്കും. ദുഷ്ടന്മാർ സമയത്തിനുമുമ്പേ മരിക്കും.**

ദുഷ്ടൻ നീതിമാനായി പതിയിരുന്ന് അവനെ കൊല്ലുവൻ നോക്കുന്നു. ഭക്തനായ ദാവീദ് ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി. 'യഹോവേ നീ ദൂരത്തു നില്ക്കുന്നതെന്ത്? ദുഷ്ടന്റെ അഹങ്കാരത്താൽ എളിയവൻ തപിക്കുന്നു. അവർ നിരൂപിച്ച ഉപായങ്ങളിൽ അവർതന്നെ പിടിപെടട്ടെ. അവൻ തന്റെ മനോരഥത്തിൽ പ്രശംസിക്കുന്നു. അവന്റെ വായിൽ ശാപവും വ്യാജവും സാഹസവും നിറഞ്ഞിരിക്കുന്നു. അവന്റെ നാവിൻകീഴിൽ ദോഷവും അതിക്രമവും നിറഞ്ഞിരിക്കുന്നു. മറവിടങ്ങളിൽ വച്ച് അവൻ കുറ്റമില്ലാത്തവനെ കൊല്ലുന്നു, അവൻ രഹസ്യമായി അഗതിയുടെ മേൽ കണ്ണുവച്ചിരിക്കുന്നു. സിംഹം മുറ്റുകാട്ടിൽ എന്നപോലെ അവൻ മറവിടത്തിൽ പതുങ്ങുന്നു. എളിയവനെ തന്റെ വലയത്തിൽ ചാടിച്ചു പിടിക്കുന്നു. അഗതികൾ അവന്റെ ബലത്താൽ വീണുപോകുന്നു.'' ഇത്രയും എല്ലാം അവൻ ദൈവത്തോട് പരാതിപറഞ്ഞിട്ട് തനിക്ക് സഹായമായ ദൈവത്തോട് താൻ പറയുകയാണ്, 'ദൈവമേ എഴുന്നേൽക്കണമേ. എളിയവരെ മറക്കരുതേ.'' താഴ്മയോടെയുള്ള പ്രാർത്ഥനക്ക് മുമ്പിൽ ദൈവം വാതിൽ തുറക്കുന്നു. ദാവീദ് പറയുകയാണ് യഹോവേ നീ സാധുക്കളുടെ അപേക്ഷ കേട്ടിരിക്കുന്നു. അബ്രഹാമും, എസ്രായുമെല്ലാം ദൈവസന്നിധിയിൽ താഴ്മയോടെ പ്രാർത്ഥിച്ചു. ദൈവം പാപത്തെ അറിയുന്നു. ദുഷ്ടൻ എത്ര പ്രബലനായാലും പ്രാർത്ഥിക്കുന്ന ദൈവപൈതലിന്റെ പ്രാർത്ഥന ദൈവത്തിന്റെ സർവ്വശക്തി പ്രവൃത്തി പഥത്തിൽ കൊണ്ടുവരും എന്ന് തിരുവചനം വ്യക്തമാക്കുന്നു. നീതിമാന്റെ ശ്രദ്ധയേറിയ പ്രാർത്ഥന വളരെ ഫലിക്കും. പ്രവർത്തികളുടെ പുസ്തകത്തിൽ അതു ഇരുമ്പുചങ്ങലയെ അഴിക്കും. അത് ഇരുമ്പുവാതിലുകളെ തുറക്കും. അതുപോലെ യോഹന്നാൻ 11:40–ൽ മരണപാശങ്ങളെ തകർക്കും. അത് മരിച്ചു നാറ്റം വച്ചാലും ഉയർപ്പിക്കുന്ന ശക്തിയാണ് എന്ന് തിരുവചനം വ്യക്തമാക്കുന്നു. പ്രാർത്ഥനയുടെ മുമ്പിൽ എല്ലാ സാത്താന്യ ശക്തികളും തകർന്നുടയും. എസ്ഥേറിന്റെ പ്രാർത്ഥനയുടെ മുമ്പിൽ ഹാമാന്റെ ദ്രോഹബുദ്ധി വിഫലമായി. ദാവീദിന്റെ പ്രാർത്ഥനയു

(ശേഷം പേജ് 7–ൽ)

# ഭാരതപ്പുഴ കൺവൻഷൻ ഫാമിലി കോൺഫറൻസ് ഒക്ടോ.19 ന്

ഒറ്റപ്പാലം: ഭാരതപ്പുഴ കൺവൻഷൻ കമ്മിറ്റിയുടെ യുവജന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 19 ന് ഒറ്റപ്പാലം ഐ.പി.സി ഹാളിൽ ഫാമിലി കോൺഫറൻസ് നടക്കും. ഡോ. ഐസക് വി.മാത്യു ക്ലാസുകൾ നയിക്കും. നേരത്തെ രജിസ്ടർ ചെയ്യുന്ന അൻപത് കുടുംബങ്ങൾക്കാണ് പ്രവേശനം. കുടുംബ ബഡ്ജറ്റിംഗ്, സെൽഫ് എസ്റ്റീം, ഫാമിലി കൗൺസിലിംഗ്, ഗ്രൂപ്പ് ആക്ടിവിറ്റി, ടൈം മാനേജ്മെൻറ് എന്നിവ ക്ലാസിന്റെ ഭാഗമായി നടക്കുമെന്ന് ജന. സെക്രട്ടറി പി.കെ.ദേവസ്യ, പ്രോഗ്രാം കൺവീനർ സജി മത്തായി കാതേട്ട് എന്നിവർ അറിയിച്ചു.

# വിദ്യാഭ്യാസ സഹായം നൽകുന്നു

**കറുകച്ചാൽ:** ഇൻഡ്യാ റിവൈവൽ അസംബ്ലി സഭകളുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നിർദ്ധനരായ ഏതാനും വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നു. അപേക്ഷകർ പ്ലസ്ടുവിന് ശേഷം മറ്റ് കോഴ്സുകൾ പഠിക്കുന്നവർ ആകണം. പേര്, വിലാസം, ഫോൺ, പഠിക്കുന്ന കോഴ്സ്, സഭാശുശ്രൂഷകന്റെ ശുപാർശ എന്നിവ സഹിതം അപേക്ഷിക്കേണ്ടതാണ്. അവസാന തീയതി:ഒക്ടോബർ 20. തെരഞ്ഞെടുക്കപ്പെടുന്നവരെ വിവരം അറിയിക്കുന്നതായിരിക്കും. വിലാസം : സെക്രട്ടറി, ഇൻഡ്യാ റിവൈവൽ അസംബ്ലി, പി.ബി.നമ്പർ:10, കറുകച്ചാൽ, കോട്ടയം, കേരള-686540 ഫോൺ : 8606695830, 9495032968.

# സംയുക്ത കൺവൻഷൻ

നിരണം: പ്രദേശത്തുള്ള പെന്തിക്കോസ്തു സഭകളുടെ ഐക്യവേദിയായ നിരണം യു.പി.എഫിന്റെ 14-ാമത് കൺവൻഷൻ നവംബർ 9-12 വരെ കാട്ടുനിലം കണ്ടങ്കേരിൽ ഭവന ാങ്കണത്തിൽ വച്ച് നടക്കും. പ്രസിഡന്റ് സ്റ്റാൻലി കെ. ഉമ്മൻ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ കെ.സി ജോൺ, പി.സി ചെറിയാൻ, ഫിന്നി ജേക്കബ്, ഉമ്മൻ കെ. ഉമ്മൻ, പി. എസ്. ഫിലിപ്പ് എന്നിവർ പ്രസംഗിക്കും. ഹിലിംഗ് മെലഡി ഗാനങ്ങൾ ആലപിക്കും. കെ.പി കോശി, ബിനോയ് മാത്യു, കുര്യൻ വറുഗീസ്, മാത്യു ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നല്കും.

# ഐ.പി.സി. മലബാർ മേഖല മിഷൻ ഡയറക്ടർമാർ





നിലമ്പൂർ: ഐ.പി.സി. മലബാർ മേഖലയുടെ മിഷൻ ഡയറക്ടർമാരായി ഡോ. ജോയി ഏബ്രഹാമും ഡോ.വിൽസൺ വർക്കിയും ചുമതലയേറ്റു.

മലബാറിൽ 34 സെൻററുകളിലായി 534 സഭകളാണ് ഐ.പി സിക്ക് ഉള്ളത്. തൃശൂർ സ്വദേശിയായ ഡോ. ജോയി ഏബ്രഹാം മികച്ച വേദ അദ്ധ്യാപകനും പ്രസംഗകനും സംഘാടകനുമാണ്. അമേരിക്കയിലെഒർലാൻറോ ക്രിസ്ത്യൻ അസംബ്ലിയുടെ സീനിയർ പാസ്റ്ററായ ഡോ. ജോയ് എബ്രഹാം പിസിനാക്ക് നാഷണൽ കൺവീനർ, ഐ.പി.സി.നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ്റീജിയൻ പ്രസിഡണ്ട്, പി.വൈ.പി.എ കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡണ്ട്, എന്നീനിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

# ഏജി സണ്ടേ സ്കൂൾ അധ്യാപക സംഗമവും ടീനേജ് സെമിനാറും

**കോതമംഗലം:** ഏജി മലയാളം ഡിസ്ട്രിക്ട് സണ്ടേസ്കൂൾ സംസ്ഥാന അധ്യാപക സംഗമവും ടീനേജ് സെമിനാറും സെപ്റ്റംബർ രണ്ടിനു കോതമംഗലം ഏജി സഭ ഓഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ പി. ബേബി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ സുനിൽ പി. വർഗീസ് അധ്യക്ഷനായിരുന്നു. ബാബു ജോയി ആമുഖ പ്രസംഗവും ട്രഷറർ ബിജു ഡാനിയേൽ വിഷയവതരണവും നടത്തി. പാസ്റ്റർമാരായ രാജീവ് ജോൺ പൂഴനാട്, ജോയി ജോർജ്, ജേക്കബ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. സുവി. പി.സി. തോമസ്, സുവി. ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ ക്ലാസെടുത്തു. പാസ്റ്റർ ജോൺ മാത്യു ഗാനങ്ങൾ ആലപിച്ചു.

# ഭാരവാഹികൾ

**കീഴൂർ** : ഐ.പി.സി. കുറവിലങ്ങാട് സെന്റർ ഭാരവാഹികൾ. പാസ്റ്റർ സുരേഷ് കീഴൂർ (പ്രസിഡന്റ്), പാസ്റ്റർ. ഷാജി കുമ്പളപ്പള്ളിൽ (വൈസ് പ്രസിഡന്റ്), പാസ്റ്റർ. സാമുവേൽ പി. ചാക്കോ (സെക്രട്ടറി), ബ്രദർ. എം.സി. ഷാജി (ജോ. സെക്രട്ടറി), ബ്രദർ. എ.ജെ. ദേവസ്യ (ട്രഷറാർ)

# ഉപവാസ പ്രാർത്ഥന

കീഴൂർ : ഐ.പി.സി. കർമ്മേൽ കീഴൂർ സഭയുടെ ചുമതലയിൽ 2017 ഒക്ടോ. 9 മുതൽ 29 വരെ (21 ദിവസം) വീടുകളിലും, സഭയിലുമായി ഉപവാസ പ്രാർത്ഥനയും, ഉണർവ്വുയോഗങ്ങളും നടക്കും. പാസ്റ്റർ. ഷാജി കുമ്പളപ്പള്ളിൽ നേതൃത്വം നൽകും. പാസ്റ്റർമാരായ സുരേഷ് കീഴൂർ, സുനിൽ വേട്ടമല, സി.വി. മോൻസി, രാജൻ കൊരട്ടി, ലിനു കെ. ജോൺ തുടങ്ങിയവർ പ്രസംഗിക്കും.

# അയർലന്റ് യുപിഎഫ് കോൺഫറൻസ് റവ.സാം ജോർജ് മുഖ്യ പ്രഭാഷകൻ

ഡബ്ലിൻ: അയർലന്റിലേയും, നോർത്തേൺ അയർലന്റിലേയും മലയാളി പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ (യുപിഎഫ്) പ്രഥമ ഫാമിലി കോൺഫറൻസ് ഒക്ടോബർ 27 നും 28നും ഡബ്ലിനിൽ നടക്കും.

യുപിഎഫ് പ്രസിഡന്റ് പാസ്റ്റർ സജീവ് ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്ന കോൺഫറൻസിൽ, ഐപിസി മുൻ ജനറൽ സെക്രട്ടറി റവ. സാം ജോർജ് (യുഎസ്എ) മുഖ്യ പ്രഭാഷകനായിരിക്കും. യുവജനങ്ങൾക്കു വേണ്ടിയുള്ള മീറ്റിങ്ങുകളിൽ റവ. നെൽസൺ സാം (യുകെ) ക്ലാസുകൾ നയിക്കും.

കോൺഫറൻസിന്റെ സംഗീത ആരാധന ബ്രദർ ബൈജു, സുവി വികൂർ ഡാനിയേൽ എന്നിവരുടെ നേതൃത്വത്തിൽ നടക്കും. കുട്ടികളുടെ മീറ്റിങ്ങിന് ചൈൽഡ് ഇവാഞ്ചലിസം ഫെലോഷിപ്പ് നേതൃത്വം നൽകും. രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നതായി ട്രഷറർ സാം മാത്യു അറിയിച്ചു. നാലു സെഷനുകളായി നടക്കുന്ന കോൺഫറൻസിൽ രാത്രി യോഗങ്ങൾക്കൊഴികെ എല്ലാ സെഷനുകളും പ്രായാടിസ്ഥാനത്തിൽ നാലു വിഭാഗങ്ങളായി വിഭജിച്ചുള്ള മീറ്റിങ്ങുകളായിരിക്കും നടക്കുക. കൂടുതൽ വിവരങ്ങൾക്ക് : 0877818733, 0877592220, +447827899620 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# പ്രവർത്തനം

മുണ്ടൻപാറ: ഐ പി സി അട്ടപ്പാടി സെന്റർ ൽ ഇ വാൻജലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ ടീം പ്രവത്തനം മണ്ടൻ പാറ സഭയിലും പരിസരങ്ങളിലുമായി സെപ്റ്റ 2527 വരെ നടക്കുന്നു. പാസ്റ്റർമാരായ പി. ജെ ടോമി സനോജ് ടി പി എന്നിവർ നേതൃത്വം നൽകും.

# പ്രകൃതിക്ഷോഭം: സഭാഹോളുകൾക്ക് നാശനഷ്ടം

അട്ടപ്പാടി: ഐപിസി അട്ടപ്പാടി സെന്ററിൽ പേമാരിയും മലവെള്ളപ്പാച്ചിലിലും പല പ്രാദേശീക സഭകൾക്കും വിശ്വാസികളുടെ വീടുകൾക്കും കൃഷി ഇടങ്ങൾക്കും നാശനഷ്ടങ്ങൾ ഭവിച്ചു. പാക്കുളം സഭാ ഹാൾ പൂർണ്ണമായും തകർന്നു. പാമ്പൻ തോട്, ഇഞ്ചിക്കുന്ന്, ചിറ്റൂർ എന്നിവിടങ്ങളിൽ പ്രയാസങ്ങൾ ഉണ്ടായി. ഈ സ്ഥലങ്ങളിലേ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും കൂട്ടായ്മയുടെ വലം കരം നീട്ടുകയും ചെയ്യുവാൻ ദൈവമക്കളെ ക്ഷണിക്കുന്നു. പാസ്റ്റർ എം.ജെ മത്തായി ഐ പി സി അട്ടപ്പാടി സെന്റർ മിനിസ്റ്റർ-9446151091.

# സ്നേഹതീരം കിഡ്നി റിലീഫ് ഫണ്ട്

29-10-2016 മുതൽ മുട്ടുചിറ അൽഫോൻസാ സ്നേഹതീരം ട്രസ്റ്റ് ഓൾഡേജ് ഹോമിന്റെ അനുബന്ധ യൂണിറ്റായി പ്രവത്തിച്ചുകൊണ്ടിരിക്കുന്ന കിഡ്നി റിലീഫ് ഫണ്ട് ഒരുവർഷം പിന്നിടുകയാണ്. കിഡ്നി രോഗത്തിന്റെ പീഢകളാലും സാമ്പത്തിക ക്ലേശത്താലും പ്രത്യാശ നഷ്ടപ്പെട്ടുകഴിയുന്ന നമ്മുടെ സഹോദരങ്ങൾക്ക് ആശ്വാസവും സഹായവും നല്കാൻ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു എന്നറിയ്ക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷം ഉണ്ട്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ, മാഞ്ഞൂർ, ഞീഴൂർ, കടുത്തുരുത്തി, മുളക്കുഴ എന്നീ പഞ്ചായത്തുകളിലെ 23 കിഡ്നി രോഗികൾക്ക് ഒരു നിശ്ചിത തുക മാസംതോറും അവരുടെ വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിൽ ട്രസ്റ്റ് വീഴ്ച വരുത്തിയിട്ടില്ലായെന്ന് അഭിമാനപൂർവ്വം ഞങ്ങൾക്ക് പറയുവാൻ കഴിയും. നാളിതുവരെ മൊത്തം 9 ലക്ഷം രൂപ ട്രസ്റ്റ് ഇതിനായി ചെലവഴിച്ചു കഴിഞ്ഞു. തുടർന്നും ഇപ്രകാരം സഹായം ചെയ്യുക എന്നത് ട്രസ്റ്റിന് ശ്രമകരമായ ഒരു ഉദ്യമമാണ്. ഈ ഉദ്യമത്തിന്റെ തുടർന്നുള്ള വിജയകരമായ നടത്തിപ്പിലേക്ക് താങ്കൾ ഓരോരുത്തരുടേയും, താങ്കൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെയോ സാമ്പത്തിക സഹായസഹകരണങ്ങൾ ഞങ്ങൾക്ക് ആവശ്യമാണ്. വേദനിക്കുന്ന നമ്മുടെ സഹോദരി സഹോദരന്മാർക്ക് ആശ്വാസവും പ്രതീക്ഷയും നല്കുവാൻ ജാതി മത ചിന്തകൾക്ക് അതീതമായി ഒരു മനസ്സോടെ നമ്മുക്ക് പ്രവർത്തിക്കാം. നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ നേരിട്ട് ഏല്പിക്കുകയോ, ഫെഡറൽ ബാങ്ക് മുട്ടുചിറ ശാഖ അക്കൗണ്ട് നമ്പർ 1227020016183 (IFSC Code FDRL0001227) അൽഫോൻസാ സ്നേഹതീരം കിഡ്നി റിലീഫ് ഫണ്ട് എന്ന അഡ്രസ്സിൽ അടയ്ക്കുകയോ ചെയ്ത് ട്രസ്റ്റിന്റെ കാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ഞങ്ങൾ സ്നേഹപൂർവ്വം നിങ്ങൾ ഓരോരുത്തരോടും അപേക്ഷിക്കുന്നു.

എന്ന് ട്രസ്റ്റിനുവേണ്ടി

**പ്രസിഡന്റ്**


# ദുഷ്ടതയുടെ ഫലം നാശം

(പേജ് 6 ന്റെ തുടർച്ച)


ടെ ഫലമായി അഹീഥോഫെലിന്റെ ദുരാലോചന നിഷ്ഫലമായി. ആസായുടെ മുമ്പിൽ ലക്ഷക്കണക്കിന് കൂശ്യരുടെ സൈന്യം പരാജയമടഞ്ഞു. ദേശാധിപതിയുടെ വിശ്വാസത്തെ തടുത്തുകളയുവാൻ ശ്രമിച്ച ആഭിചാരകൻ അന്ധനായി മാറിയത് ദൈവീക പ്രവർത്തിയാണ്. ഇന്ന് പലരും ദൈവീകവിശ്വാസത്തെ തടുത്തുകളയുവാൻ പരിശ്രമിക്കുന്നത് തങ്ങൾക്ക് തന്നെ ദോഷം വരുത്തുകയാണ് എന്ന് മനസ്സിലാക്കുന്നില്ല. വിശ്വസിച്ചു മുന്നോട്ട് വരുന്നവരെ വിലക്കുന്നവർ, അതിനെ തടസ്സപ്പെടുത്തുന്നവർ അന്ധരായി മാറുമെന്ന് തിരുവചനം ഓർമ്മിപ്പിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് എന്നുപേരുള്ള ശൗൽ പരിശുദ്ധാത്മ പൂർണ്ണനായി ദേശാധിപതിയുടെ വിശ്വാസം തടുത്തുകളഞ്ഞ അവനോട് ഇപ്രകാരം പറയുകയുണ്ടായി. 'ഹേ സകല കപടവും ധൂർത്തും നിറഞ്ഞവനേ, പിശാചിന്റെ മകനെ സർവ്വനീതിയുടെയും ശത്രുവേ, കർത്താവിന്റെ നേർവഴികളെ മറിച്ചു കളയുന്നവനേ നീ ഇതു മതിയാക്കുകയില്ലയോ? ഇപ്പോൾ കർത്താവിന്റെ കൈ നിന്റെമേൽ വീഴും, നീ ഒരു സമയത്തേക്ക് സൂര്യനെ കാണാതെ കുരുടനായിരിക്കും എന്നു പറഞ്ഞു. ഉടനെ ഒരു തിമിരവും ഇരുട്ടും അവന്റെമേൽ വീണു. കൈപിടിച്ചു നടത്തുന്നവരെ തിരഞ്ഞുകൊണ്ട് അവൻ തപ്പിനടന്നു.'' ദൈവമക്കളെ തകർക്കുവാൻ, പീഡിപ്പിക്കുവാൻ, നശിപ്പിക്കുവാൻ, അവരുടെ ദൈവ വിശ്വാസത്തെ ചോദ്യംചെയ്യുന്നവരുടെ ജീവിതത്തിൽ ഇരിട്ടുവരുത്തുവാനും അവർ തപ്പിനടക്കുവാനും ഇടവരുത്തുമെന്ന് ഈ വേദഭാഗം വ്യക്തമാക്കുന്നു. ദാവീദിനെതിരെ അനേകം ദുഷ്ടന്മാരുടെ കൂട്ടം ഉണ്ടായിരുന്നു. ഈ ദുഷ്ടന്മാർ അവന്റെ പ്രാണനായി കുഴികുഴിച്ചു, വല ഒളിച്ചുവച്ചു. എന്നാൽ സങ്കീർത്തനം 119:29-ൽ ദൈവവചനം അനുഷ്ഠിച്ച ദാവീദ് പറയുകയാണ് 'എന്റെ എതിരാളികൾ നിന്ദ ധരിക്കും. പുതപ്പു പുതക്കുംപോലെ അവർ ലജ്ജ പുതെക്കും. അടിയനോ സന്തോഷിക്കും.'' ഒരു ദൈവപൈതലിനുള്ള വാഗ്ദത്തം അതാണ് ദുഷ്ടന് നാശം, കഷ്ടം, ദോഷം എന്നിവ അവന്റെ പ്രവൃത്തിയുടെ ഫലമായി സംഭവിക്കുമ്പോൾ, ദൈവപൈതൽ കഷ്ടതയുടെ നടുവിലും സന്തോഷിക്കുന്നു. അവൻ പറയുകയാണ് 'അവൻ എളിയവനെ ശിക്ഷക്കു വിധിക്കുന്നവരുടെ കൈയ്യിൽ നിന്നും രക്ഷിക്കുവാൻ അവന്റെ വലത്തുഭാഗത്തു നില്ക്കുന്നു.'' ഏദോമ്യനായ ദോവേഗ് ശൗലിന്റെ നിർദ്ദേശപ്രകാരം 85 പുരോഹിതന്മാരെ വെട്ടികൊലപ്പെടുത്തി അവൻ രാജസന്നിധിയിൽ ഉയർന്നസ്ഥാനം കൈവശപ്പെടുത്തി. ഈ ദോവേഗ് ഏഷണിക്കാരനും ദ്രോഹിയുമായിരുന്നു. എന്നാൽ ദുഷ്ടതയുടെയും, ചതിയുടെയും, ഏഷണിയുടെയും മുമ്പിൽ ദാവീദ് പറയുകയാണ് 'വീരാ നീ ദുഷ്ടതയിൽ പ്രശംസിക്കുന്നതെന്ത് ?'' പലരും ഇന്ന് ദൈവ മക്കൾക്കെതിരെ ദുഷ്ടത ചെയ്തിട്ട് പ്രശംസിക്കുകയാണ്. എന്നാൽ ദാവീദ് പറയുന്നു, ദൈവത്തിന്റെ ദയ നിരന്തരമാകുന്നു. ദൈവം നിന്നെയും എന്നേയും നശിപ്പിക്കും. അവൻ മാന്യതയും ഉയർച്ചയും ദുഷ്ടതയിലൂടെ ആർജ്ജിച്ച് പ്രശംസനേടിയപ്പോൾ ദാവീദോ ദൈവത്തിന്റെ ആലയത്തിൽ തഴെച്ചിരിക്കുന്ന ഒലിവുവൃക്ഷംപോലെയാകുന്നു. ശത്രു എത്ര നശിപ്പിക്കുവാൻ ശ്രമിച്ചിട്ടും ഇതാ ഞാൻ പച്ചയായി, കേടുകൂടാതെ ദൈവത്തിന്റെ നിരന്തരമായ ദയയിൽ ആശ്രയിച്ചു ജീവിക്കുന്നു. ദൈവപൈതലേ നിന്നോട് ദുഷ്ടത പ്രവർത്തിക്കുന്നവനോട് നീ എതിർക്കേണ്ട. നീ എന്നും തഴെച്ചിരിക്കുന്ന ഒലിവുവൃക്ഷംപോലെ ശത്രുവിന്റെ മുമ്പിൽ ആയിരിക്കും. ശത്രു എന്നേക്കുമായി നശിക്കുമ്പോൾ നീ എന്നേക്കും സുരക്ഷിതനായിരിക്കും.

# ക്രിസ്തീയ സാഹിത്യ പത്രപ്രവർത്തക കൂട്ടായ്മ


(പേജ് 1 ന്റെ തുടർച്ച)




സജി ഫിലിപ്പ്



മാത്യു പാലത്തുങ്കൽ



സന്തോഷ് ജോസഫ്



പീറ്റർ ജെയിംസ്

സ് (ഓൺലൈൻ കോർഡിനേറ്റേഴ്സ്) എന്നിവരെയും കമ്മറ്റി അംഗങ്ങളായി അനിൽ കൊടിത്തോട്ടം, സജി നെടുങ്കണ്ടം, ഷൈജു ഞാറയ്ക്കൽ, സി.സി.ജോണി, മാർട്ടിൻ വർഗീസ്, ജെയ്സ് പാണ്ടനാട് എന്നിവരെയും തിരഞ്ഞെടുത്തു. അംഗത്വത്തിനും കൂടുതൽ വിവരങ്ങൾക്കും കെ.എൻ. റസ്സൽ - 9446571642, രാജു ആനിക്കാട് - 9446187207.

*If undelivered please return to:*
**Post Box 75**
**Planthottam Complex**
**Thiruvalla - 689 101**
**Kerala, India**
**Tel. 0469 - 2636395, 2631308**

READERS
JALAKAM

**REGISTERED**
Reg.No.
KERMAL 2001/11210

Postal Reg. No.
KL/TLA/201/2017-19

RN. KERMAL/2001/11210 Vol.16 No.1 Published from Thiruvalla Date of Publication: 10-10-2017 Price: ₹ 15/- Pages 8

# ആക്ട് സാഹിത്യ പുരസ്കാരം എൻട്രികൾ ക്ഷണിക്കുന്നു

കോട്ടയം: ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സ് (അഇം) 2016 ലെ മികച്ച രചനകൾക്ക് പുരസ്കാരം നൽകുന്നു. 2016 ൽ ക്രൈസ്തവ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള ആദ്ധ്യാത്മിക ലേഖനം, സാമൂഹിക പ്രാധാന്യമുള്ള ലേഖനം, ന്യൂസ് സ്റ്റോറി, ലേ ഔട്ട് എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഏറ്റവും മികവു പുലർത്തുന്ന രചനയ്ക്കായിരിക്കും സമ്മാനം നൽകുക. ഓരോ വിഭാഗത്തിലും 5000 രൂപ വീതമായിരിക്കും അവാർഡ് തുക. എഴുത്തുകാർക്കും പ്രസിദ്ധീകരണത്തിനും എൻട്രികൾ അയയ്ക്കാം. ഒരാൾക്ക് 2 രചനകൾ വീതം അയയ്ക്കാം. ഓരോ രചനയുടെയും 3 കോപ്പികൾ വീതം അയയ്ക്കണം. പ്രസിദ്ധീകരിച്ച ആനുകാലികത്തിന്റെ ഒറിജിനലോ ഫോട്ടോ കോപ്പിയോ അയയ്ക്കാം. വിദേശ മലയാളികൾക്കും പങ്കെടുക്കാം. അയയ്ക്കേണ്ട വിലാസം: Raju Anikkad, Mukkooril House, Anicadu P. O., Mallappally - 689585, Pathanamthitta Dist. Mob: 9446187207.

# വൈ.പി.ഇ. മലബാർ ക്യാമ്പ് സുൽത്താൻ ബത്തേരിയിൽ

വയനാട് : ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് വൈ.പി.ഇ മലബാർ മേഖലാ ക്യാമ്പ് സെപ്റ്റംബർ 29, 30 തിയതികളിൽ സുൽത്താൻ ബത്തേരിയിൽ പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. മലബാർ, നോർത്ത് മലബാർ മേഖലകൾ സംയുക്തമായി നടത്തുന്ന ക്യാമ്പ് 29-ാം തിയതി രാവിലെ പത്ത് മണിക്ക് സംസ്ഥാന സെക്രട്ടറി ബ്രദർ മാത്യു ബേബിയുടെ അധ്യക്ഷതയിൽ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ എ റ്റി ജോസഫ് ഉത്ഘാടനം ചെയ്യും. സ്റ്റേറ്റ് ഓവർസിയർ റവ. സി.സി.തോമസ് മുഖ്യ സന്ദേശം നൽകും, 'സ്ഥിരതയോടെ ഓടുക'' എന്നതാണ് ക്യാമ്പ് തീം. പ്രിമാരിറ്റൽ കൗൺസിലിംങ്, കരിയർ ഗൈഡൻസ്, സൈബർ സുരക്ഷ ക്ലാസ്സ്, മിഷൻ ചലഞ്ച്, ദുരുപദേശ ബോധവൽക്കരണ ക്ലാസ്സുകൾ, ഗെയിംസ്, ഗാന പരിശീലനം എന്നിവയാണ് ക്യാമ്പിന്റെ പ്രത്യേകതകൾ. ബ്രദർ സുജിൻ ബാംഗ്ളൂർ, ഫാദർ ജോൺസൺ തേക്കടയിൽ, ക്ലാസ്സുകൾ എടുക്കും. വിവിധ സെക്ഷനുകളിൽ സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ എ.പി.അഭിലാഷ്, ദൈവസഭാ ഡിപ്പാർട്ട്മെന്റ് ഹെഡ്സ് എന്നിവർ സന്ദേശം നൽകും. കുട്ടികൾക്ക് വേണ്ടി പ്രത്യേക സെക്ഷൻ ഉണ്ടായിരിക്കും. വൈ.പി.ഇ. ക്വയർ ആത്മിയ ആരധനക്ക് നേതൃത്വം നല്കും, മേഖലയിലെ 10, +2 ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അവാർഡ് നൽകി ആദരിക്കും. വിവിധ സ്ഥലങ്ങളിൽ നിന്നായി അനേക യുവജനങ്ങൾ പങ്കെടുക്കുന്ന ക്യാമ്പിന് സോണൽ കോർഡിനേറ്റേഴ്സും, സ്റ്റേറ്റ് ബോർഡ് അംഗങ്ങളും നേതൃത്വം നൽകും. 28-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് മുളക്കുഴയിൽ നിന്നും സെമിസ്ലീപ്പർ വാഹനം വായനാടിന് പോകുവാൻ ക്രമീകരിച്ചിരിക്കുന്നു. ഏതാനും ചില സീറ്റുകൾ കൂടി ഒഴിവുള്ളതിനാൽ പോകുവാൻ താല്പര്യമുള്ളവർ ട്രഷറാർ ബ്ര. റ്റോം. റ്റി ജോർജ്ജുമായി ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു. കുടുതൽ വിവരങ്ങൾക്ക്: 9947888688, 8281867024.

# ഡൽഹി റിവൈവൽ കോൺഫറൻസ് 'കെരിഗ്മ 2017' ഒക്ടോബർ 20 മുതൽ

**ഡൽഹി:** റിവൈവൽ കോൺഫറൻസ് 'കെരിഗ്മ 2017' ഒക്ടോബർ 20 മുതൽ 22 വരെ ജണ്ടേവാളൻ മെട്രോ സ്റ്റേഷനു സമീപമുള്ള ഗെഡ്വാൾ ഭവനിൽ (Garhwal Bhawan, Panchkuan Road, Near Jhandewalan Metro Station, New Delhi) വച്ച് നടത്തപ്പെടുന്നു. ഒക്ടോബർ 20 വെള്ളിയാഴ്ച ഉച്ചക്ക് 2 മണിക്ക് ആരംഭിക്കുന്ന കോൺഫറൻസ് റവ.ഡാനിയേൽ എബനേസർ (നാഷണൽ ഓവർസീർ, അഗപ്പെ ക്രിസ്ത്യൻ അസ്സംബ്ലി) ഉത്ഘാടനം ചെയ്യും. പാ. അനീഷ് മനോ സ്റ്റീഫൻ, പാ. ഫിന്നി മാത്യു, പാ. ചാണ്ടി വർഗീസ്, പാ. ബിജി തോമസ്, പാ. സാബു കെ. സി. എന്നിവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കുന്നു. യുവജനങ്ങൾക്കും, സഹോദരിമാർക്കും പ്രത്യേക സെഷനുകളിൽ ഉണ്ടായിരിക്കുന്നതാണ്. Impact 4G ആരാധനയ്ക്ക് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ജോയൽ (9717904453), അരുൺ (7290050605), ബ്ലെസി (7290050604).

# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

(പേജ് 1 ന്റെ തുടർച്ച)

2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനുള്ള ക്രമീകരണം ആലോചന യോഗത്തിൽ നടത്തി. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടത്തുന്നതിനും തിരുമാനമായി. ഓവർസിയറുടെ ഈ പ്രസ്താവനയെ വലിയ ആവേശത്തോടെയാണ് ഏവരും ഏറ്റെടുത്തത്. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി, ജോൺസൻ ദാനിയേൽ എന്നിവർ നേതൃത്വം നല്കി.

# എസ്.ഐ.എ.ജി. ഭാരവാഹികൾ

(പേജ് 1 ന്റെ തുടർച്ച)

ൻസിപ്പാളാണ്. പാസ്റ്റർ വി.ടി. ഏബ്രഹാം ഒഴികെ എല്ലാവരും ജനറൽ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പുതു മുഖങ്ങളാണ്.

പാസ്റ്റർ ഡി. മോഹൻ, പാസ്റ്റർ ടി.ജെ. ശാമുവൽ എന്നിവരായിരുന്നു പ്രധാന പ്രഭാഷകർ. മുൻ ജനറൽ സെക്രട്ടറി ഡോ. ഐസക്ക് വി. മാത്യു റിപ്പോർട്ടുകൾ അവതരിപ്പിച്ചു. മുൻ ജനറൽ ട്രഷറാർ പാസ്റ്റർ അബ്ദുൾ കരിം രണ്ടര കോടിയോളം രൂപയുടെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു.

എസ്.ഐ.എ.ജി.യിൽ നിന്നും അഖിലേന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് പാസ്റ്റർ ഏബ്രഹാം തോമസ്സിനെ (ചെന്നൈ) തെരെഞ്ഞെടുത്തു. കർതൃമേശയോടെ കോൺഫറൻസ് സമാപിച്ചു.




*Printed, Published and Owned by Raju George, Readers Publications, Thiruvalla and Printed at Cochin Printech, Earnakulam. Editor: Raju Anikkad*